96

# ഗുഡ്ബൈയും ഹെലോയും!

**വായനാ ഭാഗം #44**

VIII. യേശുവിന്റെ ഉയർപ്പും, പ്രത്യക്ഷതയും,ആരോഹണവും(തുടർച്ച).

B. നാൽപതു ദിവസം (പ്രവൃത്തികൾ 1:3 നോക്കുക) (തുടർച്ച):

3. എട്ടാമത്തെ പ്രത്യക്ഷത: ഗലീലിയിലെ ഒരു മലയിൽ വെച്ച് അപ്പൊസ്തലന്മാർക്ക് (അഞ്ഞൂറോളം ശിഷ്യന്മാർക്കും) (മത്താ. 28:16, 17; 1 കൊരി. 15:6).
4. മലയിൽവെച്ച് മഹത്തായ ആജ്ഞ കൊടുക്കുന്നു (മത്താ. 28:18–20; മർക്കൊ. 16:15–18; നോക്കുക ലൂക്കൊ. 24:46–48).
5. ഒൻപതാമത്തെ പ്രത്യക്ഷത: യാക്കൊബിന് (അറിയപ്പെടാത്ത ഒരു സ്ഥലത്ത് - വെച്ച്) (1 കൊരി. 15:7).
6. അവസാനത്തെ പ്രത്യക്ഷത (കൾ):[1] യെരുശലേമിനടുത്തുള്ള യെഹൂദ്യയിൽവെച്ച്, എല്ലാ അപ്പൊസ്തലന്മാർക്കും (ലൂക്കൊ. 24:44–49; പ്രവർത്തികൾ 1:3–8; 1 കൊരി. 15:7).
7. ഒലിവുമലയിൽ നിന്ന് ആരോഹണം ചെയ്യുന്നു (മർക്കൊ. 16:19; ലൂക്കൊ. 24:50–53; പ്രവൃത്തികൾ 1:9–11).

C. ചുരുക്കിയ പ്രസ്താവനകൾ:

1. ക്രിസ്തുവിന്റെ ജീവിതത്തെകുറിച്ചുള്ള ചുരുക്കിയ പ്രസ്താവനകൾ (യോഹ. 20:30, 31; 21:25; പ്രവൃത്തികൾ 20:35 നോക്കുക).
2. തുടർന്നുള്ള സംഭവങ്ങളെ കുറിച്ചുള്ള ചുരുക്ക പ്രസ്താവനകൾ (മർക്കൊ. 16:20; ലൂക്കൊ. 24:52, 53 നോക്കുക; പ്രവൃത്തികൾ 1:12).

**മുഖവുര**

വർഷങ്ങൾക്ക് മുൻപ്, ഒരു കൂട്ടം സാഹിത്യകാരന്മാർ ലണ്ടനിൽ വെച്ചു കണ്ടുമുട്ടി.[2] ഒരാൾ ഒരു ചോദ്യം തൊടുത്തുവിട്ടു: "മിൽട്ടൻ ഈ മുറിയിലേക്ക് കടന്നു വന്നാൽ നാം എന്തു ചെയ്യുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?"[3] ഉത്തരം വന്നു, "നാം അയാൾക്ക് ഒരു വിജയോൽസവം നൽകും!" മറ്റൊരാൾ ചോദിച്ചു, "ഷേക്സ്പിയർ[4] ഇപ്പോൾ വന്നാൽ നാം എന്തു ചെയ്യും?" ഒരാൾ മറുപടി പറഞ്ഞു, "നാം എഴുന്നേറ്റ് പാട്ടിന്റെ യജമാനനെ കിരീടം അണിയിക്കും" പിന്നെ ഒരു ചോദ്യം വന്നു, "യേശുക്രിസ്തു മുറിയിലേക്ക് കടന്നു വന്നാൽ നാം എന്തുചെയ്യും?" പിന്നീട് ഒരു നീണ്ട നിശബ്ദതയായിരുന്നു - അവസാനം ചാൾസ് ലാമ്പ് എന്ന എഴുത്തുകാരൻ നിശബ്ദത ഭേദിച്ചു.[5] "നാമെല്ലാവരും അവന്റെ മുമ്പിൽ വീണു നമസ്കരിക്കും!"

യേശുവിന്റെ ഭൗമിക ശുശ്രൂഷയുടെ അവസാനത്തിലെത്തിയതുകൊണ്ട്, നിങ്ങൾ യേശുവിനോട് കൂടുതൽ അടുക്കുകയും - യേശു നിങ്ങളോട് കൂടുതൽ അടുക്കുകയും ചെയ്തിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങ

നെയാണെങ്കിൽ, നിങ്ങൾ – അക്ഷരികമായി, അല്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ അവന്റെ മുൻപിൽ ആദരവും, ബഹുമാനവും, അനുസരണവും നിമിത്തം "വീണു നമസ്ക്കരിക്കുമെന്ന്" ഞാൻ വിചാരിക്കുന്നു.

കഴിഞ്ഞ അവതരണത്തിൽ, യേശുവിന്റെ ഉയർപ്പിനും സ്വർഗാരോഹണത്തിനും ഇടക്കുള്ള നാല്പതു ദിവസങ്ങളെ കുറിച്ചുള്ള പഠനം തുടങ്ങി (പ്രവൃത്തികൾ 1:3 നോക്കുക). സുവിശേഷവിവരണങ്ങളിൽ ആ നാല്പതു ദിവസങ്ങളിലെ സംഭവങ്ങൾ ഇടകലർത്തിയാണ് പറഞ്ഞിരിക്കുന്നത്, ചിലപ്പോൾ ആഴ്ച്ചകൾ കൊണ്ട് സംഭവിച്ചതു ഒരൊറ്റ ദിവസം സംഭവിച്ചുവെന്ന് തോന്നിപോകും.[6] അതുകൊണ്ട്, തെളിവില്ലാതെ അവസാന രംഗങ്ങളുടെ ക്രമം കൃത്യമായി നമുക്ക് ഉറപ്പിച്ചു പറയുവാനും സാധ്യമല്ല. ഒരു വിധത്തിലുള്ള ക്രമമാണ് എന്റെ അവസാന പരമ്പരയിലുള്ളത്.

യേശു ശിഷ്യന്മാരെ വിട്ടുപോയപ്പോൾ, അവൻ വെറുതെ "ഗുഡ്ബൈ" പറയുകയായിരുന്നില്ല, വീണ്ടും "ഹെലോ"[7] പറയുവാൻ അവരെ ഒരുക്കുകകൂടെ ആയിരുന്നു എന്ന് ഊന്നിപ്പറയുവാൻ, ഞാൻ ഈ പാഠത്തെ "ഗുഡ്ബൈയും ഹെലോയും" എന്നു വിളിച്ചിരിക്കുന്നു.[8] പെന്തെകൊസ്തു നാളിനു ശേഷം അവൻ "[അവരോടുകൂടെ] ഉണ്ടായിരുന്നു" (മത്തായി 28:20), അത് അവൻ മുൻപ് ഭൂമിയിലായിരുന്നപ്പോൾ ഉണ്ടായിരുന്നതിനേക്കാൾ ശക്തമായിട്ടായിരുന്നു. കൂടാതെ ആ തലവാചകം ഉപയോഗിച്ച് ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള പഠനം പൂർത്തിയായിട്ടില്ല എന്നുകൂടെ നിങ്ങൾ അറിയണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഈ പഠനം നിങ്ങളെ ആയുഷ്ക്കാലം മുഴുവൻ കർത്താവിനെ ധ്യാനിച്ച് കൂടുതൽ അറിയുവാൻ ശ്രമിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഈ അവസാന പരമ്പര നിങ്ങൾക്ക് അവനോട് "ഗുഡ്ബൈ" പറയുവാനല്ല, "ഹെലോ" പറയുവാനുള്ളതായി തീരട്ടെ!

## വെല്ലുവിളിയുള്ള ആജ്ഞ
## (മത്താ. 28:16-20; മർക്കൊ. 16:15-18; 1 കൊരി. 15:6; ലൂക്കൊ. 24:46-48; പ്രവൃത്തികൾ 1:8)

**എട്ടാം പ്രത്യക്ഷത**

യേശു തന്റെ മരണത്തിനു മുൻപുള്ള പ്രസംഗത്തിൽ, അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "... എന്നാൽ ഞാൻ ഉയർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുൻപായി ഗലീലക്കു പോകും" (മത്തായി 26:32). അവൻ ഉയർത്തെഴുന്നേറ്റശേഷം, ദൂതൻ സ്ത്രീകളോട് പറഞ്ഞു, "അവൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റു എന്ന് വേഗം ചെന്ന് അവന്റെ ശിഷ്യന്മാരോട് പറവിൻ; അവൻ, നിങ്ങൾക്ക് മുമ്പെ ഗലീലക്കു പോകുന്നു ..." (മത്തായി 28:7). കുറച്ചുകൂടെ കഴിഞ്ഞ്, യേശു തന്നെ സ്ത്രീകളോട് പറഞ്ഞു, "ഭയപ്പെടേണ്ട, നിങ്ങൾ പോയി എന്റെ സഹോദരന്മാരോട് ഗലീലക്കു പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും" (മത്തായി 28:10). മത്തായി പറയുന്നതനുസരിച്ച്, "പതിനൊന്ന് ശിഷ്യന്മാർ ഗലീലയിൽ, യേശു ചുമതലപ്പെടുത്തിയ മലയിലേക്ക് പോയി" (മത്തായി 28:16).[9]

തന്റെ ഉയർപ്പിനു മുൻപോ അല്ലെങ്കിൽ അതിനു ശേഷമോ കണ്ടുമു

ട്ടേണ്ട പ്രത്യേകസ്ഥാനം യേശു സൂചിപ്പിച്ചിരുന്നു. ഏതു മലയിലാണ് എന്ന് നമ്മോട് പറഞ്ഞിട്ടില്ല. അതു അവന്റെ ശുശ്രൂഷയുമായി ബന്ധപ്പെട്ടിരുന്ന ഒരു മലയിലായിരുന്നേക്കാം. ഉദാഹരണത്തിന്, മറുരൂപമലയോ അല്ലെങ്കിൽ താൻ ഗിരിപ്രഭാഷണം നടത്തിയ മലഞ്ചെരിവോ ആകാം. എന്തുകൊണ്ടാണ് അവൻ ഗലീല തിരഞ്ഞെടുത്തത്? ഒരുപക്ഷെ തന്റെ ശിഷ്യന്മാരിൽനിന്നും അകറ്റി നിർത്തുന്നതിനാകാം. അല്ലെങ്കിൽ മിക്ക ശിഷ്യന്മാരും ആ സമയത്ത് ഗലീലയിലുണ്ടായിരുന്നതുകൊണ്ടാകാം.[10] ഒരുപക്ഷെ തനിക്കും ശിഷ്യന്മാർക്കും തനിച്ച് ആയിരിക്കുവാൻ പറ്റിയ സ്ഥലം അതായതുകൊണ്ടായിരിക്കാം. ശിഷ്യന്മാരോട് ഒരു മലയിൽ കാണാമെന്ന് പറഞ്ഞതായാണ് നമുക്കുള്ള വിവരം - അതാണ് അവർ ചെയ്തതു.

മിക്ക എഴുത്തുകാരും വിശ്വസിക്കുന്നത് അപ്പൊസ്തലന്മാർ മാത്രമല്ല അവിടെ കൂടിയത് എന്നാണ്.[11] യേശുവിന്റെ പ്രത്യക്ഷതകളെ പൗലൊസ് രേഖപ്പെടുത്തുമ്പോൾ, അവൻ അപ്പൊസ്തലന്മാർക്ക് (യെഹൂദ്യയിൽ) പ്രത്യക്ഷപ്പെട്ടതായി പറഞ്ഞു, പിന്നെ പറയുന്നു, "അവൻ ഒരുസമയത്ത് അഞ്ഞൂറിലധികം സഹോദരന്മാർക്ക് പ്രത്യക്ഷനായി; അവരിൽ മിക്കപേരും ഇന്നുവരെ ജീവിച്ചിരിക്കുന്നു,[12] ചിലരോ നിദ്രകൊണ്ടിരിക്കുന്നു"[13] (1 കൊരിന്ത്യർ 15:6). "അവരോട് കല്പിച്ചിരുന്ന മലയിൽ" ഗലീലയിലെ ജോലി സ്ഥലത്തു വെച്ചായിരിക്കാം ഇത്രയും വലിയ പുരുഷാരത്തിന് യേശു പ്രത്യക്ഷനായത് (മത്തായി 28:16). അതു വളരെ പ്രധാനപ്പെട്ട ഒരു പ്രത്യക്ഷത ആയിരുന്നു: യേശുവിനെ ക്രൂശിച്ചുവെങ്കിലും അവൻ ഉയർത്തെഴുന്നേറ്റതായി കണ്ട അഞ്ഞൂറു സ്വതന്ത്ര വ്യക്തികൾക്ക് സാക്ഷ്യം പറയുവാൻ കഴിഞ്ഞു.

നിയോഗിച്ച സ്ഥലത്ത് ശിഷ്യന്മാരെത്തുമ്പോഴേക്ക്, യേശു അവിടെ എത്തിയിരുന്നു. മത്തായി എഴുതി, "അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു, ചിലരോ സംശയിച്ചു" (മത്തായി 28:17). സംശയിച്ച "ചിലർ" എന്നു മത്തായിയുടെ വിവരണത്തിൽ പറയുന്നത് യെഹൂദ്യയിൽ വെച്ച് പതിനോരുവർക്ക് അവൻ ജീവനോടുകൂടെ ഇരിക്കുന്നു എന്നു ബോധ്യമായെങ്കിലും, അപ്പൊസ്തലന്മാരിൽ ചിലർ ആകുവാനാണ് സാധ്യത. ഈ വാക്യം മറ്റു സുവിശേഷവിവരങ്ങളുമായി നിരപ്പിലെത്തുവാൻ പല വഴികളുണ്ട്. അപ്പൊസ്തലന്മാർ ഒരുപക്ഷെ ആദ്യം കണ്ടപ്പോഴോ അല്ലെങ്കിൽ പർവ്വതത്തിനടുത്ത് വെച്ച് കണ്ടപ്പോഴാ അവർ അവനെ കാണുന്നത് അല്പം അകലെ ആയിരുന്നേക്കാം,[14] അതുകൊണ്ട് അത് അവൻ തന്നെയോ എന്ന് അവർക്ക് ഉറപ്പില്ലായിരുന്നു, ഉയർപ്പിന് ശേഷമുള്ള സംഭവങ്ങൾ മത്തായി (മറ്റെഴുത്തുകാരെപോലെ) ചേർത്തെഴുതിയതുകൊണ്ട്, അപ്പൊസ്തലന്മാരുടെ *ആദ്യ അവിശ്വാസത്തെയായിരിക്കാം* അവൻ സൂചിപ്പിച്ചത്. ചില എഴുത്തുകാർ വിചാരിക്കുന്നത് അപ്പൊസ്തലന്മാരല്ല അവിശ്വസിച്ചത്, പിന്നെ അവൻ ഉയർത്തെഴുന്നേല്പിനു ശേഷം ആദ്യമായി കണ്ട അഞ്ഞുറു ശിഷ്യന്മാരിൽ ചിലരാണ് എന്നത്രേ. അവർ ആദ്യം സംശയാലുക്കളായിരുന്ന അപ്പൊസ്തലന്മാരെ പോലെ ആയിരുന്നു - കർത്താവ് വാസ്തവത്തിൽ ഉയർത്തെഴുന്നേറ്റു എന്നതിന് അതേ തെളിവ് ഇവർക്കും ആവശ്യമായിരുന്നു.

**മഹത്തായ ആജ്ഞ**

ആ വലിയ പുരുഷാരത്തോട് യേശുവിന്, വളരെ കാര്യങ്ങൾ പറയുവാനുണ്ടാകുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. അവൻ തീർച്ചയായും "ദൈവ

രാജ്യത്തെ കുറിച്ച് പലതും" അവരോട് സംസാരിച്ചു (പ്രവൃത്തികൾ 1:3). എങ്ങനെയായാലും, അവൻ അവരെ ഒന്നിച്ചു കൂട്ടിവരുത്തിയതിന്റെ പ്രാഥമിക ഉദ്ദേശം നാം മഹത്തായ ആജ്ഞ എന്നു വിളിക്കുന്ന ആജ്ഞ നൽകുവാനായിരുന്നു:[15]

> ... "യേശു അടുത്തു ചെന്നു സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു; ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട്, സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു" (മത്തായി 28:18-20).

മർക്കൊസിന്റെ വിവരണത്തിലെ ആജ്ഞയും ഒരുപക്ഷെ ഇതേ സന്ദർഭത്തിൽ നല്കിയതാകാം:[16]

> ... "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും,[17] വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും" (മർക്കൊസ് 16:15, 16).

ഈ ആജ്ഞയെക്കുറിച്ച് ലൂക്കൊസ് പിന്നീട് - തന്റെ സുവിശേഷവിവരണത്തിന്റെ അവസാനഭാഗത്തും പ്രവൃത്തികളുടെ പുസ്തകത്തിന്റെ ആദ്യഭാഗത്തും പറയുകയുണ്ടായി. പൂർണ്ണതക്കായി ആ വേദഭാഗങ്ങളും നമുക്ക് ഇവിടെ നോക്കാം:

> ... "ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേല്ക്കയും, അവന്റെ നാമത്തിൽ മാനസാന്തരവും,[18] പാപമോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു, ഇതിന്നു നിങ്ങൾ സാക്ഷികൾ ആകുന്നു" (ലൂക്കൊസ് 24:46-48).
> "... എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും, യെഹൂദ്യയിൽ എല്ലായിടത്തും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും" (പ്രവൃത്തികൾ 1:8).

ആ വ്യത്യസ്തവിവരണങ്ങൾ വൈപരീത്യമുള്ളതല്ല, എന്നാൽ അനുബന്ധമുള്ളതാണ്. അവയെ യോജിപ്പിച്ചാൽ മഹത്തായ ആജ്ഞയുടെ ഭാവം നമുക്ക് ലഭിക്കും. മത്തായിയുടെ വിവരണത്തിലെ നാല് "സകല"[19] എന്ന തെടുത്തുകൊണ്ട് മൂന്നു എഴുത്തുകാരും പറഞ്ഞിരിക്കുന്നതിന്റെ ബാഹ്യരൂപരേഖ തയ്യാറാക്കുവാൻ കഴിയും:

(1) "സകല അധികാരവും." പുതിയനിയമത്തിൽ, ഗ്രീക്ക് വാക്ക് (എക്സൗസോസിയ) തർജിമ ചെയ്തതാണ് "അധികാരം." "ദൈവത്തിന് മാത്രമുള്ള എല്ലാം പ്രവർത്തിക്കുവാനുള്ള കഴിവും നിയമസാധുതയും

ശക്തിയും തികഞ്ഞഅധികാരവുമാണ് അർത്ഥമാക്കുന്നത്."[20] ആ തികഞ്ഞ അധികാരം സ്വർഗത്തിലും ഭൂമിയിലും ഉള്ളതാണ്. സ്വർഗസ്ഥനായ പിതാവ് തന്റെ പുത്രനു നൽകിയതാണ് – സ്വർഗത്തിലും ഭൂമിയിലുമുള്ള ആ തികഞ്ഞ അധികാരം (മത്തായി 28:18). അതുകൊണ്ട് ആ അതിവേഗത്തിലുള്ള ഒരു ആജ്ഞ നൽകുവാൻ യേശുവിന് എല്ലാ അവകാശവുമുണ്ട്. അവന്റെ അധികാരത്തെ ഈ ലോകത്ത് സമ്മതിക്കാത്തവർ ഒരിക്കൽ അവന്റെ കോപത്തിന് പാത്രമാകും.

(2) ''സകല ജാതികളും.'' ക്രൂശീകരണത്തിന് മുൻപ് യേശുവും അവന്റെ ശിഷ്യന്മാരും ഉപദേശം യെഹൂദന്മാരോട് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു (മത്തായി 10:5; 15:24). ഇപ്പോൾ ആ നിയന്ത്രണം മാറ്റിയിരിക്കുന്നു:അപ്പൊസ്തലന്മാർ "സകല ജാതികളുടെ" അടുക്കലും പോകണം (മത്തായി 28:19; ലൂക്കൊസ് 24:47). "ഭൂലോകത്തിൽ ഒക്കെയും," "സകല സൃഷ്ടികളോടും" അറിയിക്കണം (മർക്കൊസ് 16:15), "ഭൂമിയുടെ അറ്റത്തോളവും" (പ്രവൃത്തികൾ 1:8).

പ്രസംഗിക്കേണ്ട സദസിനു മാത്രമല്ല മാറ്റമുണ്ടായത് സന്ദേശത്തിനും മാറ്റമുണ്ടായി. യേശുവിന്റെ ശുശ്രൂഷാകാലത്ത് അവന്റെയും ശിഷ്യന്മാരുടേയും പ്രസംഗത്തിലെ മുഖ്യവിഷയം "ദൈവരാജ്യം ആസന്നമായിരിക്കുന്നു" എന്നതായിരുന്നു (മത്തായി 4:17; 10:7; ലൂക്കൊസ് 10:9). അപ്പോൾ യേശു ക്രിസ്തു ആണെന്ന് പരസ്യമാക്കുവാൻ അപ്പൊസ്തലന്മാർക്ക് വിലക്കുണ്ടായിരുന്നു (മത്തായി 16:20). ഇപ്പോൾ മുതൽ അവർ *"സുവിശേഷം"* ആണ് പ്രസംഗിക്കേണ്ടത് (മർക്കൊസ് 16:15; എംഫസിസ് മൈൻ). മശിഹ വരുകയും കഷ്ടം സഹിച്ച് മരിക്കയും മൂന്നാം നാൾ ഉയർത്തെഴുന്നേല്ക്കുകയും ചെയ്തു എന്ന *സുവാർത്തയാണ്* അവർ പ്രസംഗിക്കേണ്ടത് (ലൂക്കൊസ് 24:46), അങ്ങനെ ആത്മാക്കൾ രക്ഷിക്കപ്പെടും (1 കൊരിന്ത്യർ 15:3, 4; മർക്കൊസ് 16:16)!

യേശുവിന്റെ ആജ്ഞയിൽ കേൾക്കുന്നവർ അടിസ്ഥാനപരമായി പ്രതികരിക്കേണം എന്നതും ഉൾപ്പെട്ടിരിക്കുന്നു. മഹത്തായ ആജ്ഞ അനുസരിക്കുമ്പോൾ, പല കാര്യങ്ങൾ സംഭവിക്കണം:

- യേശുവിനെ കുറിച്ചുള്ള സന്ദേശം ആളുകളെ പഠിപ്പിക്കണം (മത്തായി 28:19; മർക്കൊസ് 16:15). അവർ പഠിക്കുന്നവർ അല്ലെങ്കിൽ "ശിഷ്യന്മാർ" (മത്തായി 28:19)[21] ആകണം.
- അവർ വിശ്വസിക്കേണം (മർക്കൊസ് 16:16): സന്ദേശം സത്യമാണെന്ന് അവർ വിശ്വസിക്കുകയും, തങ്ങൾക്കുവേണ്ടി യാഗമായി തീർന്നവനിൽ ആശ്രയിക്കയും വേണം.[22]
- അവർ മാനസാന്തരപ്പെടണം (ലൂക്കൊസ് 24:47): അവർ പാപങ്ങളിൽനിന്നു വിട്ടുതിരിയുകയും, ജീവിതം മാറ്റി, കർത്താവിനായി ജീവിക്കുവാൻ തീരുമാനിക്കയും വേണം.
- അവർ സ്നാനം ഏല്ക്കണം (മത്തായി 28:19; മർക്കൊസ് 16:16). സ്നാനം[23] "പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും[24] നാമത്തിൽ വെള്ളത്തിലുള്ള അടക്കം ആയിരിക്കണം"[25] (മത്തായി 28:19), രക്ഷിക്കപ്പെടുവാനും ആകണം (മർക്കൊസ് 16:16).
- മനുഷ്യർ അനുസരണത്തോടെ പ്രതികരിക്കുമ്പോൾ, ദൈവം അവരെ

രക്ഷിക്കും. അവരുടെ കഴിഞ്ഞകാല പാപങ്ങൾ ക്ഷമിക്കയും ചെയ്യും (ലൂക്കൊസ് 24:47).

(3) *"ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും."* മുകളിൽ പറഞ്ഞ പ്രതികരണം അവസാനമല്ല, ആരംഭം മാത്രമാണ്. ഒരാൾ സ്നാനം ഏറ്റു കഴിഞ്ഞാലും തുടർപഠനം ആവശ്യമാണ്. ആ സ്നാനം ഏല്ക്കുന്നവരെ യേശു ശിഷ്യന്മാരോട് കല്പിച്ചത് *എല്ലാം* ഉപദേശിക്കേണ്ടതായിട്ടുണ്ട്.

യേശു കല്പിച്ചതുകൊണ്ട്, സന്ദർഭത്തിലെ വെല്ലുവിളി "പുറപ്പെട്ട് ... സകല ജാതികളെയും സ്നാനപ്പെടുത്തുകയും ശിഷ്യരാക്കുകയും ചെയ്യുന്നതായിരുന്നു." അങ്ങനെ മഹത്തായ ആജ്ഞ "സ്വയം-നിലനിർത്തുന്നതാകുന്നു."[26] വാൾട്ടർ വിങ്ക് പറഞ്ഞു, "യേശുവിനെ കൊന്നത് ... ഡെന്റലിയൻ വിത്തിന്റ-തലയിൽ അടിക്കുന്നതുപോലെ ആയിരുന്നു."[27]

തീർച്ചയായും, യേശു കല്പിച്ചതൊക്കെയും എന്നു പറയുമ്പോൾ, അതിലധികവും അടങ്ങിയിരിക്കുന്നു. ചിലർ ഒരാളെ സ്നാനപ്പെടുത്തിയശേഷം, അയാളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനുപകരം, സുവിശേഷം വ്യാപിപ്പിക്കുവാനുള്ള ആവേശം നിമിത്തം മറ്റൊരാളിലേക്ക് തിരിയും. ആളുകളെ വിശ്വാസത്തിലേക്കും സ്നാനത്തിലേക്കും കൊണ്ടുവരുക മാത്രമല്ല നമ്മുടെ ഉത്തരവാദിത്വം, അവരെ "കൃപയിലും നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവാൻ" സഹായിക്കയും വേണം (2 പത്രൊസ് 3:18).

(4) "*ഞാനോ എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്."* യേശു ജനിക്കുന്നതിനു മുൻപു തന്നെ അവന്റെ പേർ "ദൈവം നമ്മോടുകൂടെ," എന്നർത്ഥമുള്ള "ഇമ്മാനുവേൽ" എന്നു വിളിക്കേണം എന്നു കല്പിച്ചിരുന്നു (മത്തായി 1:23). പുത്രനായ ദൈവം മനുഷ്യർക്കിടയിൽ നടന്നപ്പോൾ ഈ പ്രവചനം നിവർത്തിയായി, എന്നാൽ ആത്മിയമായി തന്റെ ശിഷ്യന്മാരോടൊപ്പം എപ്പോഴുമുണ്ടായിരിക്കുമെന്ന് അവർ അറിയണമെന്ന് കർത്താവ് ആഗ്രഹിച്ചു. ജെ. ഡബ്ലിയു.മെക്ഗാർവേ പറഞ്ഞു, "ഈ വാഗ്ദാനം വെറുതെ കൂട്ടായിരിക്കുവാനായിരുന്നില്ല, മറിച്ച് പൂർണ്ണമായി സഹതപിക്കുവാനും പിന്തുണക്കുവാനുമായിരുന്നു ...."[28]

മഹത്തായ ആജ്ഞയും ആജ്ഞയിലെ വാഗ്ദാനവും വാഗ്ദാന കാലയളവും അപ്പൊസ്തലന്മാർക്കു മാത്രമുള്ളതായിരുന്നില്ല. ആ കല്പന "ലോകാവസാനത്തോളവും'' പ്രാബല്യത്തിലുണ്ടായിരിക്കുമെന്നാണ് കർത്താവ് ഊന്നി പറഞ്ഞത്[29] (മത്തായി 28:20), അതായത് അവൻ വീണ്ടും വരുന്നതു വരെ. ഡി. ഡബ്ലിയു. ഫോർഡ് എഴുതി, "ഗലീലയിലും, യെഹൂദ്യയിലും യേശു ഭൗതികമായി ഉണ്ടായിരുന്നതുപോലെ, ഉയർത്തെഴുന്നേറ്റ ക്രിസ്തു - ആത്മീയമായി നമ്മോടുകൂടെ എപ്പോഴുമുണ്ടായിരിക്കും."[30] എന്തൊരു ആവേശവും ആശ്വാസവും ജനിപ്പിക്കുന്ന ചിന്ത!

അപ്പൊസ്തലന്മാർക്ക് പ്രത്യേക വാഗ്ദാനം നൽകിയതായിട്ടാണ് മർക്കൊസിന്റെ വിവരണത്തിൽ പറയുന്നത്.[31] അവരുടെ അവിശ്വാസത്തെ ശാസിച്ച ശേഷം (മർക്കൊസ് 16:14), അവർ സംശയത്തെ അതിജീവിച്ചാൽ, അവർക്ക് ശക്തി ലഭിക്കുമെന്ന് അവൻ അവരോട് പറഞ്ഞു:

വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ

അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ യാതൊന്നു കുടിച്ചാലും അവർക്ക് ഹാനി വരികയില്ല; രോഗികളുടെമേൽ കൈവെച്ചാൽ അവർക്ക് സൗഖ്യം വരും (മർക്കൊസ് 16:17-19).

അപ്പൊസ്തലന്മാരാൽ ആ "അടയാളങ്ങളിൽ" അധികവും നടന്നതായി പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം.[32]

മത്തായി 28:18-20; മർക്കൊസ് 16:15, 16; ലൂക്കൊസ് 24:46-48 ശ്രദ്ധയോടെ പഠിക്കുക. ഏതാണ്ട് രണ്ടായിരത്തോളം വർഷമായി, ലോകസുവിശേഷീകരണത്തിനുള്ള അധികാരം ആ കല്പനകളായിരുന്നു. അവ പത്തൊമ്പതു നൂറ്റാണ്ടുകൾക്ക് മുൻപ് അപ്പൊസ്തലന്മാരുടെ ജീവിതകാലയളവിലെന്നപോലെ ഇന്നും സഭക്കുള്ള നിയമമായി തുടർന്നുകൊണ്ടിരിക്കുന്നു!

| മഹത്തായ ആജ്ഞ | | | | | | |
|---|---|---|---|---|---|---|
| | സുവിശേഷം പ്രസംഗിക്ക/ ഉപദേശിക്ക | വിശ്വസിക്കുക | മാനസാന്തരപ്പെടുക | സ്നാനപ്പെടുക | രക്ഷ/ പാപമോചനം | തുടരുക |
| മത്തായി | ✓ | | | ✓ | | ✓ |
| മർക്കൊസ് | ✓ | ✓ | | ✓ | ✓ | |
| ലൂക്കൊസ് | ✓ | | ✓ | | ✓ | |

## പരിഗണിക്കേണ്ട പരിഭ്രാന്തി
## (ലൂക്കൊ. 24:44-49; പ്രവൃത്തി. 1:3-8; 1 കൊരി. 15:7)

### ഒമ്പതാം പ്രത്യക്ഷത

ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ ലിസ്റ്റ് പൗലൊസ് പറഞ്ഞപ്പോൾ, അഞ്ഞൂറുപേർക്ക് പ്രത്യക്ഷപ്പെട്ടതു സൂചിപ്പിച്ച ശേഷം, അവൻ പറഞ്ഞു, "പിന്നെ അവൻ യാക്കൊബിന്നു പ്രത്യക്ഷനായി" (1 കൊരിന്ത്യർ 15:7). അതു ഒരുപക്ഷെ യേശുവിന്റെ അർദ്ധ-സഹോദരനായിരുന്ന യാക്കൊബ് ആയിരുന്നേക്കാം, അവൻ പിന്നീട് യെരുശലേം സഭയിലെ ബഹുമാന്യനായ ഒരു അദ്ധ്യക്ഷനായി തീർന്നു (പ്രവൃത്തികൾ 12:17; 15:13; 21:18; ഗലാത്യർ 1:19; 2:9).

തന്റെ അർദ്ധ-സഹോദരനെ എപ്പോഴാണ്, എവിടെ വെച്ചാണ് യേശു കണ്ടത് എന്ന് നമുക്ക് അറിയില്ല, എന്നാൽ ആ കണ്ടുമുട്ടൽ തികച്ചും നിർണ്ണായകമായിരുന്നു. താൻ മശിഹ ആണെന്ന് തെളിയിക്കുന്നതിനായിരുന്നു യേശു യാക്കൊബിനെ പ്രത്യേകമായി സന്ദർശിച്ചത്. അവന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ചിരുന്നില്ല (യോഹന്നാൻ 7:5). തന്റെ പഴയ സഹോദരന്മാരിൽ[33]

യാക്കോബിനെ പ്രത്യേകിച്ച് സന്ദർശിച്ചാൽ, അവന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ കഴിയുമെന്ന് യേശുവിന് അറിയാമായിരുന്നു. എങ്ങനെയായാലും, ഉയർത്തെഴുന്നേല്പിനുശേഷം, യേശുവിന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ച്, അപ്പൊസ്തലന്മാർ യെരുശലേമിൽ പരിശുദ്ധാത്മാവിനായി കാത്തിരുന്നപ്പോൾ അവർ അവരോടൊപ്പമുണ്ടായിരുന്നു (പ്രവൃത്തികൾ 1:4, 12). രണ്ടുപേർ പുതിയനിയമത്തിൽ ലേഖനങ്ങളെഴുതുകയും ചെയ്തു (യാക്കോബ് 1:1) ഉം (യൂദാ 1) ഉം.[34]

**അവസാന പ്രത്യക്ഷത(കൾ)**[35]

നാല്പതു നാൾ അവസാനിക്കാറായപ്പോൾ, യേശു യെഹൂദ്യയിലേക്ക് തിരിച്ചുപോയി – അതു യെരുശലേമിന്റെ കാഴ്ച്ചയിലായിരുന്നു (ലൂക്കൊസ് 24:50, 52; പ്രവൃത്തികൾ 1:12, 14). അവന്റെ ഉദ്ദേശം യെരുശലേമിൽ ആദ്യമായി സുവിശേഷം പ്രസംഗിക്കുന്നതിനും, അവിടെ സഭ സ്ഥാപിക്കുന്നതിനും അപ്പൊസ്തലന്മാരെ തയ്യാറാക്കുകയായിരുന്നു (പ്രവൃത്തികൾ 1:8 നോക്കുക). "മാനസാന്തരവും പാപമോചനവും *യെരുശലേമിൽ തുടങ്ങി* തന്റെ നാമത്തിൽ സകല ജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു എന്ന് പഴയനിയമത്തിൽ എഴുതിയിരിക്കുന്നതായി യേശു പറഞ്ഞു" (ലൂക്കൊസ് 24:47; എംഫസിസ് മൈൻ). "യഹോവയുടെ ആലയം" ("സഭ"; 1 തിമൊഥെയൊസ് 3:15; കെജെവി) "സ്ഥാപിതമാകുമ്പോൾ" "സകലജാതികളും" അതിലേക്ക് ഒഴുകിവരുകയും, "കർത്താവിന്റെ വചനം *യെരുശലേമിൽനിന്നു* [പറപ്പെടും] എന്ന് യെശയ്യാവ് പ്രവചിച്ചിരുന്നു" (യെശയ്യാവ് 2:2, 3; എംഫസിസ് മൈൻ).

തന്റെ സ്വർഗാരോഹണത്തിന് തൊട്ട് മുൻപ് യേശു "എല്ലാ അപ്പൊസ്തലന്മാർക്കുമായി" അവസാന പ്രത്യക്ഷത (കൾ) നടത്തി (1 കൊരിന്ത്യർ 15:7). ''ദൈവരാജ്യത്തെ കുറിച്ചു പലതും'' അവൻ അവരോട് പറഞ്ഞു (പ്രവൃത്തികൾ 1:3), പിന്നെ അവരോട് "ഇതാകുന്നു ഞാൻ നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ[36] പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെ കുറിച്ച് എഴുതിയിരിക്കുന്നതു ഒക്കെയും നിവർത്തിയാകേണം" (ലൂക്കൊസ് 24:44)[37] യെഹൂദന്മാർ അവരുടെ തിരുവെഴുത്തുകളെ മൂന്നായി ഭാഗിച്ചിരുന്നു: മോശെയുടെ ന്യായപ്രമാണം, പ്രവാചകന്മാർ, തിരുവെഴുത്തുകൾ. സങ്കീർത്തനങ്ങളിലാണ് അധികവും എഴുത്തുകൾ എന്നതുകൊണ്ട് "സങ്കീർത്തനങ്ങൾ" എന്നതു മൂന്നാമത്തെ ഭാഗമായി കരുതപ്പെടുന്നു. അതുകൊണ്ട്, യേശുവിനെ കുറിച്ച് എഴുതിയിരിക്കുന്നത് എന്നതുകൊണ്ട് പഴയനിയമം *മുഴുവനും* ഉദ്ദേശിച്ചാണ് പറഞ്ഞത്.

പിന്നെ യേശു "തിരുവെഴുത്തുകൾ ഗ്രഹിക്കുവാൻ [അപ്പൊസ്തലന്മാരുടെ] ബുദ്ധിയെ തുറന്നു" (ലൂക്കൊസ് 24:45). അവൻ അത് അത്ഭുതകരമായിട്ടായിരിക്കാം ചെയ്തത്, എന്നാൽ തൊട്ടടുത്ത വാക്യം വായിച്ചാൽ മറ്റൊരു പ്രസംഗത്താലതു ചെയ്തു എന്നു കാണാം. ഒരുപക്ഷെ എമ്മവുസിലേക്കുള്ള യാത്ര ചെയ്ത ശിഷ്യന്മാർക്ക് എല്ലാ തിരുവെഴുത്തിലും അവനെ കുറിച്ച് എഴുതിയിരിക്കുന്നത് വ്യാഖ്യാനിച്ചുകൊടുത്തതുപോലെ ആയിരിക്കാം അവൻ "അവരുടെ ബുദ്ധിയെ തുറന്നത് " (ലൂക്കൊസ് 24:27). അവൻ തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു,

ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്ക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും[38] പാപ മോചനവും യെരുശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിന്നു നിങ്ങൾ സാക്ഷികളാകുന്നു, എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയക്കും, നിങ്ങളോ ഉയരത്തിൽനിന്ന് ശക്തി ലഭിക്കുവോളം നഗരത്തിൽ പാർപ്പിൻ എന്ന് അവരോട് പറഞ്ഞു (ലൂക്കൊസ് 24:46-49).

പത്തു ദിവസം കഴിഞ്ഞു യേശു അപ്പൊസ്തലന്മാരിൽ അയപ്പാനിരിക്കുന്ന പരിശുദ്ധാത്മാവിനെ സൂചിപ്പിച്ചുകൊണ്ടാണ് പിതാവിൽനിന്നുള്ള "വാഗ്ദാനം" എന്നും "ഉയരത്തിൽനിന്ന് ശക്തി" എന്നും പറഞ്ഞത്. "യെരുശലേമിൽനിന്ന് വാങ്ങി പോകരുത് " എന്ന് അവൻ അവരോട് പറഞ്ഞിരുന്നു. "പിതാവ് വാഗ്ദത്തം ചെയ്തതിനായി അവർ കാത്തിരിക്കേണ്ടിയിരുന്നു,'' ''യോഹന്നാൻ വെള്ളം കൊണ്ടു സ്നാനം കഴിപ്പിച്ചു, എന്നാൽ നിങ്ങൾക്കോ ഇനി ഏറെ നാൾ കഴിയുംമുമ്പെ പരിശുദ്ധാത്മാവു കൊണ്ട് സ്നാനം ലഭിക്കും" എന്ന് "എന്നോട് കേട്ടത്" എന്നാണ് കർത്താവ് പറഞ്ഞത് (പ്രവൃത്തികൾ 1:4, 5).

## മനസിലാക്കുവാൻ പ്രയാസപ്പെടുന്നു

മുൻപ് കണ്ടതുപോലെ, അവൻ അപ്പൊസ്തലന്മാരുമായി ചെലവഴിച്ച അവസാന നിമിഷങ്ങളിൽ, യേശു ''ദൈവരാജ്യത്തെ കുറിച്ച് പലതും അവരോട് സംസാരിച്ചുകൊണ്ടിരുന്നു'' (പ്രവൃത്തികൾ 1:3). വാസ്തവത്തിലുള്ള ദൈവരാജ്യത്തിന്റെ സ്വഭാവം മനസിലാക്കുവാൻ അവർ അപ്പോഴും പ്രയാസപ്പെട്ടിരുന്നു എന്ന് അവരുടെ പ്രതികരണം വ്യക്തമാക്കുന്നു: "കർത്താവേ, നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനപ്പെടുത്തി കൊടുക്കുന്നത്?'' (പ്രവൃത്തികൾ 1:6). യേശു തന്റെ ആത്മിയ രാജ്യം *എപ്പോഴാണ്* സ്ഥാപിക്കുന്നത് എന്നാണ് അപ്പൊസ്തലന്മാർ ചോദിച്ചത് എന്ന് ചില എഴുത്തുകാർ വിചാരിക്കുന്നു. എങ്ങനെയായാലും, അവർ ഉപയോഗിച്ച "യിസ്രായേലിന്ന് രാജ്യം യഥാസ്ഥാനപ്പെടുത്തി കൊടുക്കുക'' എന്ന വാക്കു സൂചിപ്പിക്കുന്നത് അവരുടെ മനസിൽ അപ്പോഴും ഭൗതിക രാജ്യമായിരുന്നു എന്നാണ്. ലിവിങ്ങ് ബൈബിളിൽ സമാന്തരപ്രയോഗം പറയുന്നത് "കർത്താവേ, നീ യിസ്രായേലിനെ [റോമാക്കാരിൽ നിന്നു] മോചിപ്പിക്കയും, ഒരു സ്വതന്ത്രരാഷ്ട്രമാക്കുകയും ചെയ്യുന്നത് എപ്പോഴാണ്?" ചുരുക്കി പറഞ്ഞാൽ, ആ സമയത്ത്, അപ്പൊസ്തലന്മാർ പരിഭ്രാന്തിയിലായിരുന്നു.

ഫലത്തിൽ, യേശു അവരോട് പറഞ്ഞതു കർത്താവ് എപ്പോൾ രാജ്യം സ്ഥാപിക്കും എന്നോർത്ത് നിങ്ങൾ വിചാരപ്പെടേണ്ട (പ്രവൃത്തികൾ 1:7). "രാജ്യം ശക്തിയോടുകൂടി വരും'' എന്ന് അവൻ മുൻപ് പറഞ്ഞിരുന്നു (മർക്കൊസ് 9:1). പരിശുദ്ധാത്മാവ് അവരുടെ മേൽ വരുമ്പോൾ "അവർക്ക് ശക്തി ലഭിക്കും'' എന്നാണ് ഇപ്പോൾ അവൻ അവരോട് പറഞ്ഞത് (പ്രവൃത്തികൾ 1:8). അതു സംഭവിക്കുമ്പോൾ, അവരുടെ എല്ലാ തെറ്റിദ്ധാരണയും നീങ്ങി സകലവും അവർക്ക് വ്യക്തമാകയും ചെയ്യും (യോഹന്നാൻ 14:26; 16:13 നോക്കുക).

## ആശ്വാസം തുടരുന്നു
## (മർക്കൊ. 16:19, 20; ലൂക്കൊ. 24:50-53; യോഹ. 20:30; 21:25; പ്രവൃത്തികൾ 1:9-12)

### ആരോഹണം

യേശുവിന്റെ അവസാനവാക്കുകൾ സംസാരിച്ചത് ഒലിവ് മലയിൽ വെച്ചോ അതിനടുത്തുവെച്ചോ ആയിരുന്നേക്കാം ("ഒലിവ് "; പ്രവൃത്തികൾ 1:12), "ഇതു പറഞ്ഞ ശേഷം" (പ്രവൃത്തികൾ 1:9)[40] അവൻ അപ്പൊസ്തലന്മാരെ ദൂരെ "ബേഥാന്യയിലേക്ക് കൊണ്ടുപോയി" (ലൂക്കൊസ് 24:50). അത് ആ മലഞ്ചെരുവിന്റെ വടക്കുകിഴക്കുള്ള പ്രമുഖസ്ഥാനം ആയിരുന്നേക്കാം – ബേഥാന്യ കാഴ്ച്ചയിൽ, രക്ഷകന് പല ഓർമ്മകളുള്ള ഒരു ടൗണായിരുന്നു. പിന്നെ "കൈ ഉയർത്തി അവൻ അവരെ അനുഗ്രഹിച്ചു" (ലൂക്കൊസ് 24:50). അവസാനം അവൻ അവരെ അനുഗ്രഹിച്ചതു പ്രാധാന്യമുള്ള കാര്യമാകുന്നു.

അവന്റെ സ്വർഗാരോഹണം ചുരുങ്ങിയ വാക്കുകളാലാണ് വിവരിച്ചിരിക്കുന്നത്.[41] "അവരെ അനുഗ്രഹിക്കയിൽ അവൻ അവരെ വിട്ടുപിരിഞ്ഞു" (ലൂക്കൊസ് 24:51). "അവർ കാൺകെ അവൻ ആരോഹണം ചെയ്തു, ഒരു മേഘം അവനെ മൂടീട്ടു അവൻ അവരുടെ കാഴ്ച്ചക്കു മറഞ്ഞു'' (പ്രവൃത്തികൾ 1:9). അവൻ "സ്വർഗാരോഹണം ചെയ്തു" (ലൂക്കൊസ് 24:51). അവിടെ "അവനെ സ്വീകരിക്കയും ... പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കയും ചെയ്തു" (മർക്കൊസ് 16:19). അവിടെ അവൻ തന്റെ രാജ്യത്തിന്റെ/ സഭയുടെ വാഴ്ച്ച തുടങ്ങി. പൗലൊസ് എഴുതി, ദൈവം അവനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചശേഷം, അവൻ ...

> ... അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർപ്പിക്കയും സ്വർഗത്തിൽ തന്റെ വലത്തുഭാഗത്ത് എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു അവനെ സർവ്വത്തിനും മീതെ തലയാക്കി എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭക്കു കൊടുക്കയും ചെയ്തിരിക്കുന്നു (എഫെസ്യർ 1:20–23).

### ഉറപ്പ്

തങ്ങളുടെ പ്രിയപ്പെട്ട യജമാനൻ മേഘത്തിൽ അപ്രത്യക്ഷനായപ്പോൾ, അപ്പൊസ്തലന്മാർക്കുണ്ടായ വികാരം നമുക്ക് ഊഹിക്കുവാൻ കഴിയും. "അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് ഉറ്റുനോക്കി" എന്നാണ് ലൂക്കൊസ് പറയുന്നത് (പ്രവൃത്തികൾ 1:10). ദൂതന്മാരായിരുന്ന "രണ്ടു പേർ" അപ്പൊസ്തലന്മാരോട് പറഞ്ഞു, "ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും" (പ്രവൃത്തികൾ 1:11; വെളിപ്പാട് 1:7). താൻ വീണ്ടും വരുമെന്ന യേശുവിന്റെ വാഗ്ദാനം ഉറപ്പിക്കുന്നതായിരുന്നു അവരുടെ വാക്കുകൾ (യോഹന്നാൻ 14:3), അവൻ വീണ്ടും വന്ന്

തനിക്കുള്ളവരെ ചേർക്കുകയും തിന്മ പ്രവർത്തിച്ചവരെ ശിക്ഷിക്കുയും ചെയ്യുമെന്ന വാഗ്ദാനം പ്രാരംഭ ക്രിസ്ത്യാനികളെ ആശ്വസിപ്പിച്ചിരുന്നു (1 തെസലൊനിക്യർ 4:16-18; വെളിപ്പാട് 22:20).

അപ്പൊസ്തലന്മാർ യേശുവിനെ നമസ്ക്കരിക്കയും, "പിന്നെ മഹാസന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിച്ചെന്ന് എല്ലായ്പോഴും ദൈവാലയത്തിലിരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു" (ലൂക്കൊസ് 24:52, 53; പ്രവൃത്തികൾ 1:12 നോക്കുക). അവർ ആത്മാവിന്റെ വരവിനും രാജ്യത്തിന്റെ/ സഭയുടെ സ്ഥാപനത്തിനുമായി കാത്തിരുന്നു. അപ്പൊസ്തലപ്രവൃത്തികളുടെ പുസ്തകത്തിൽ[42] പറയുന്ന കാര്യങ്ങൾ സംഭവിച്ച ശേഷം എഴുതിയ, മർക്കൊസ് തന്റെ വിവരണം എഴുതിയപ്പോൾ അപ്പൊസ്തലന്മാർ മഹത്തായ ആജ്ഞ നടപ്പാക്കിയതായും കർത്താവിന്റെ വാഗ്ദാനങ്ങൾ നിറവേറിയതായും പറയുന്നുണ്ട്. തന്റെ പുസ്തകം അവൻ ഇപ്രകാരം അവസാനിപ്പിക്കുന്നു: "അവർ പുറപ്പെട്ടു എല്ലാടത്തും പ്രസംഗിച്ചു. കർത്താവ് അവരോടുകൂടെ പ്രവർത്തിച്ചും അവരാൽ നടന്ന അടയാളങ്ങളാൽ വചനത്തെ[43] ഉറപ്പിച്ചും പോന്നു" (മർക്കൊസ് 16:20).[44] "ശേഷം സംഭവങ്ങൾ" അറിയുവാൻ പ്രവൃത്തികളുടെ പുസ്തകം വായിക്കുക.

**ഉപസംഹാരം**

മർക്കൊസിന്റെ ചുരുക്കപ്രസ്താവനയോടുകൂടെ, നാം ക്രിസ്തുവിന്റെ ജീവിതത്തെ കുറിച്ചുള്ള പഠനത്തിന്റെ അവസാന ഭാഗത്തേക്ക് വന്നിരിക്കുകയാണ് - അതായത്, അവൻ ഭൂമിയിൽ വന്ന് ജീവിച്ച ജീവിതം അവസാനിപ്പിക്കുന്നു. അവൻ ഇന്നും നമുക്ക് വേണ്ടി സ്വർഗത്തിലിരുന്നു പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നതുകൊണ്ട് നാം കർത്താവിനു നന്ദിയുള്ളവരാകണം (എബ്രായർ 7:25). അവന്റെ ഭൗമിക ശുശ്രൂഷയെ കുറിച്ച് വിവരിക്കുവാൻ എനിക്ക് ഇപ്പോൾ ആറു പുസ്തകങ്ങളിലധികമായിരിക്കുന്നു, "ഇനിയും പകുതിയിലധികം പറയുവാനുണ്ട്"[45] യോഹന്നാൻ എഴുതി,

> ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അത്ഭുതങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു; എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും, വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകേണ്ടതിന്നും. ഇതു എഴുതിയിരിക്കുന്നു (യോഹന്നാൻ 20:30, 31).

> യേശു ചെയ്തതു മറ്റു പലതും ഉണ്ട്. അത് ഓരോന്നായി എഴുതിയാൽ, എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു (യോഹന്നാൻ 21:25).

ക്രിസ്തു വളരെ കാര്യങ്ങൾ ചെയ്തു - മൂന്നു - മൂന്നര വർഷങ്ങൾക്കുള്ളിലാണ് അവയെല്ലാം ചെയ്തത്! അവൻ മരിച്ചപ്പോൾ മുപ്പത്തി-മൂന്നു വയസേ ഉണ്ടായിരുന്നുള്ളു,[46] പക്ഷെ മനുഷ്യരിൽ അവൻ ചെലുത്തിയ സ്വാധിനം എത്ര വലുതാണ്! *നരേറ്റഡ് ബൈബിളിൽ കാലക്രമനിർണ്ണയത്തിൽ*, എഫ് ലഗാർഡ് സ്മിത്ത്, സുവിശേഷവിവരണത്തെ ഇങ്ങനെ പറഞ്ഞവസാനിപ്പിക്കുന്നു,

> അവന്റെ ജീവിതത്തെ കുറിച്ച് നാല് ചുരുങ്ങിയ വിവരണങ്ങളാണുള്ളതെങ്കിലും, എല്ലാ തലമുറകൾക്കും വേണ്ടി, നൂറ്റാണ്ടുകളായി യേശുവിന്റെ സംഭവങ്ങൾ പരിരക്ഷിക്കുകയും, മിക്കവാറും ഭൂമിയിലെ എല്ലാ ഭാഷകളിലേക്കും തർജിമ ചെയ്യുകയും ഓരോ രാജ്യത്തിലും ദശലക്ഷക്കണക്കിനാളുകൾ വിശ്വാസത്താലും അനുസരണത്താലും ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തു മുഖാന്തരം ദൈവത്തോട് പ്രതികരിച്ചു വരുന്നു.[47]

എന്റെ കുടുംബം ആസ്ട്രേലിയയിലേക്ക് പോയപ്പോൾ, എനിക്ക് മുപ്പത്തി-മൂന്നു വയസുണ്ടായിരുന്നു, "യേശു മരിച്ചതു എന്റെ പ്രായത്തിലായിരുന്നുവെങ്കിലും, അവൻ കൈവരിച്ച നേട്ടത്തെ ഞാൻ സ്മരിച്ചിരുന്നു. ഞാൻ എന്തു ചെയ്തു?" നമുക്ക് യേശുവിന്റെ ജീവിതം പകർത്തുവാൻ സാധ്യമല്ല എന്ന കാര്യം നിങ്ങളും ഞാനും സമ്മതിക്കണം - എന്നാൽ നമുക്ക് അതിനെ അനുകരിക്കുവാൻ കഴിയും. അതു ചെയ്യുവാൻ ഈ പഠനപരമ്പര സഹായിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, ഈ പഠനം നിങ്ങളെ കർത്താവിനെ കുറിച്ച് കൂടുതൽ പഠിക്കുവാനും അവനെ കുറിച്ച് കൂടുതൽ അറിയുവാനും പ്രചോദിപ്പിക്കുമെന്ന് കരുതുന്നു. ഈ പാഠത്തിന്റെ അവസാനം ക്രിസ്തുവിനോട് "ഗുഡ്ബൈ" പറയുവാനാകരുത്, മറിച്ച് "ഹെലോ" പറയുവാനാകണം!

---

കുറിപ്പുകൾ

[1]പ്രവൃത്തി 1:4 ലേതും 1:6 ലേതും ഒരു പ്രത്യക്ഷത തന്നെയാണോ അതോ രണ്ടാണോ എന്ന് വ്യക്തമല്ല - ലൂക്കൊസ് 24:44-49 ലേതും അതേ പ്രത്യക്ഷതയാണോ എന്നും തീർച്ചയില്ല. [2]ഈ ചിത്രീകരണം എടുത്തത്, ആലീസ് എം. നൈറ്റ്, *1001 സ്റ്റോറീസ് ഫോർ ചിൽഡ്രൻ ആന്റ് ചിൽഡ്രൻസ്,* വർക്കേഴ്സ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1952), 148-49. [3]ഇംഗ്ലീഷ് കവി ജോൺ മിൽട്ടൻ (1608-74) പാശ്ചാത്യ സാഹിത്യത്തിൽ, പ്രമുഖനായ ഒരു വ്യക്തിയായിരുന്നു. [4]പാശ്ചാത്യസംസ്ക്കാര ചരിത്രത്തിൽ സാഹിത്യലോകത്ത് വിസ്തൃതമായ സ്വാധീനം ചെലുത്തിയ നഇംഗ്ലീഷ് നാടകകൃത്തും കവിയുമായിരുന്നു വില്യം ഷെയിക്സ്പിയർ (1564-1616). [5]ചാൾസ് ലാമ്പ് (1775-1834) അറിയപ്പെട്ട ഒരു ഇംഗ്ലീഷ് എഴുത്തുകാരനായിരുന്നു. [6]ഉദാഹരണത്തിന്, മർക്കൊസിന്റെ സുവിശേഷം മാത്രമാണ് നമുക്ക് ഉണ്ടായിരുന്നതെങ്കിൽ, എമ്മവുസിലേക്കു യാത്ര ചെയ്ത ശിഷ്യന്മാർക്ക് യേശു പ്രത്യക്ഷമായത് (മർക്കൊസ് 16:12, 13), അപ്പൊസ്തലന്മാർക്ക് അവൻ പ്രത്യക്ഷനായ ഉടനെ ആണെന്നു ധരിക്കും (വാക്യം 14), അത് സംഭവിച്ചത് അവൻ മഹത്തായ ആജ്ഞ അവർക്ക് കൊടുത്ത ദിവസമായിരുന്നു എന്നും ചിന്തിക്കും (വാക്യങ്ങൾ 15-17). കൂടാതെ, അത് അവൻ സ്വർഗാരോഹണം ചെയ്ത അതേ ദിവസമായിരുന്നു എന്നും വിചാരിക്കും (വാക്യം 19). ആ സംഭവങ്ങൾ നടക്കുന്നത് ആ നാൽപതു-ദിവസ കാലയളവിലായിരുന്നു എന്ന് മറ്റു വിവരണങ്ങളിൽനിന്ന് നമുക്ക് അറിയാം. [7]"ഗുഡ്ബൈ" എന്നതും "ഹെലോ" എന്നതും ഒരുപക്ഷെ നിങ്ങൾക്ക് പരിചയമുണ്ടായിരിക്കാം. ആദ്യത്തേത് ആരെയെങ്കിലും വിട്ടുപിരിയുമ്പോഴും, രണ്ടാമത്തേത് ആരെയെങ്കിലും കണ്ടുമുട്ടുമ്പോഴും പറയുന്ന വാക്കുകളാണ്. നിങ്ങളുടെ പ്രദേശത്ത് ഇതിനു പകരം വാക്കുകൾ ഉണ്ടെങ്കിൽ, നിങ്ങൾക്ക് അത് ഉപയോഗിക്കാം. [8]ഹവായിയിലുള്ള ആളുകൾ "അലോഹാ" എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട് -

അതിനു "ഗുഡ്ബൈ," എന്നും "ഹെലോ" എന്നും അർത്ഥമുണ്ട്. ഫലത്തിൽ, നിങ്ങളുടെ പ്രദേശത്തുള്ളവർക്ക് "അലോഹാ" എന്ന വാക്ക് പരിചയമുണ്ടെങ്കിൽ "ഗുഡ്ബൈ" എന്നും "ഹെലോ" എന്നും അർത്ഥം വരുന്ന വിധത്തിൽ നിങ്ങൾക്ക് ഉപയോഗിക്കാം. [9]കഴിഞ്ഞ അവതരണത്തിൽ, അപ്പൊസ്തലന്മാർക്ക് യെഹൂദ്യയിൽ വെച്ച് രണ്ടു പ്രാവശ്യവും, പിന്നെ ഗലീലയിൽ വെച്ച് നിരവധിപേർക്കും അവൻ പ്രത്യക്ഷനായി. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ചുള്ളതായിരുന്നു മലയിൽ വെച്ചുണ്ടായത്. [10]ഗലീലക്കാർ പെസഹക്കുശേഷം നാട്ടിലേക്ക് പോയിരിക്കാം.

[11]ആ മുൻനിശ്ചയിച്ച പ്രത്യക്ഷതയെ കുറിച്ച് മത്തായി വിവരിക്കുമ്പോൾ പറയുന്നത്, പതിനോരുവരെ കുറിച്ചാണ്. എങ്ങനെയായാലും, യോഹന്നാൻ 20:19–26 പ്രകാരം, യേശു പ്രത്യക്ഷനായപ്പോൾ മാളിക - മുറിയിൽ പതിനോരുവർ മാത്രമാണുണ്ടായിരുന്നത് - എന്നാൽ ലൂക്കൊസ് 24:33–ൽ മറ്റുള്ളവരും അവിടെ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. [12]ഒന്നു കൊരിന്ത്യർ എഴുതപ്പെട്ടത് ഏതാണ്ട് ഏ. ഡി. 57 ലാണ്, അപ്പോഴേക്കും ഉയർപ്പ് കഴിഞ്ഞ് ഇരുപതു വർഷത്തിലധികമായി, ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടവരാണ് എന്നു പറയുവാൻ കഴിഞ്ഞ ചിലർ അപ്പോഴും ജീവനോടുകൂടെ ഉണ്ടായിരുന്നു. [13]ഈ വേദഭാഗത്തിൽ, "നിദ്ര കൊണ്ടവർ" എന്നു പറഞ്ഞിരിക്കുന്നത് "മരിച്ചവരെ" പറ്റി പറയുന്നതാണ്. [14]അടുത്ത വാക്യം, മത്തായി 28:18 പറയുന്നു "യേശു *ചെന്നു* അവരോട് പറഞ്ഞു" (എംഫസിസ് മൈൻ) എന്നത് സൂചിപ്പിക്കുന്നത് അവർ അവനെ ആദ്യം കണ്ടപ്പോൾ, അവൻ അല്പം അകലെ ആയിരുന്നു എന്നാണ്. [15]യെഹൂദ്യയിലെ അടച്ചിട്ട മുറിയിൽ യേശു പ്രത്യക്ഷനായി കൊടുത്ത ആജ്ഞയെ കുറിച്ചു വിശദമായി അറിയുവാൻ ഈ പുസ്തകത്തിൽ ആദ്യം വന്നതായ "നിങ്ങളെ ബോധ്യപ്പെടുത്തുവാനെന്തു വേണം" എന്ന പാഠത്തിലെ യോഹന്നാൻ 20:21–23 ലെ കുറിപ്പുകൾ നോക്കുക. [16]മുൻപ് ശ്രദ്ധിച്ചതുപോലെ, മർക്കൊസിന്റെ വിവരണം മാത്രം നാം എടുത്താൽ, യെഹൂദ്യയിലെ അടച്ചിട്ട മുറിയിലെ യേശുവിന്റെ പ്രത്യക്ഷതയും, മഹത്തായ ആജ്ഞ നൽകുന്നതും, സ്വർഗാരോഹണവും ഉടനെയുടനെ സംഭവിച്ചതാണെന്ന് തോന്നും. യേശു അടച്ചിട്ട മുറിയിൽ പ്രവേശിച്ച് നാല്പതു - ദിവസങ്ങൾ കഴിഞ്ഞാണ് യേശു സ്വർഗാരോഹണം ചെയ്തത് എന്നു നമുക്ക് അറിയാം. അടച്ചിട്ട മുറിയിലേക്ക് യേശു പ്രത്യക്ഷനായതിനു ശേഷമായിരുന്നു അവൻ അപ്പൊസ്തലന്മാർക്ക് മഹത്തായ ആജ്ഞ നൽകിയിരിക്കുക. അതുപോലെ യേശു മത്തായി 28:18–20 ൽ പറഞ്ഞതിനു ശേഷം മറ്റൊരിക്കലായിരിക്കാം മർക്കൊസ് 16:15, 16–ൽ നല്കിയ ആജ്ഞ. അവയിലുള്ള വാക്കുകൾ വ്യത്യസ്തമാണെങ്കിലും, അവ പ്രയോജനപ്പെടുത്തി നമുക്ക് ഉപയോഗിക്കാം. [17]ഈ വേദഭാഗത്തിലെ സ്നാനത്തിന്റെ ആവശ്യകത വ്യക്തമായി പഠിപ്പിക്കുന്നത് ചിലരെ വ്യാകുലപ്പെടുത്തുന്നുണ്ട്. അവർ ആ ഭാഗം എടുത്ത് "സ്നാനപ്പെടാത്തവൻ ശിക്ഷിക്കപ്പെടും" എന്ന് പറഞ്ഞിട്ടില്ലല്ലൊ എന്നു വാദിക്കും. [18]കെജെവിയിൽ "ഫോർ" എന്നതിനുപകരം "ആന്റ്" എന്നാണ്, പക്ഷെ കയ്യെഴുത്തുപ്രതിയിൽ "ഫോർ" എന്നാണ്. [19]വചനത്തിൽ "സകല" എന്ന വാക്കിനോടുകൂടെ "എല്ലായ്പോഴും" എന്ന വാക്കുകൂടെ യോജിപ്പിച്ചിരിക്കുന്നു. [20]ജെഫ്രി ഡബ്ലിയു. ബ്രോമിലേ, എഡി, *തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, എഡി. ഗെർഹാർഡ് കിറ്റെൽ ആന്റ് ഗെർഹാർഡ് ഫ്രൈഡ് റിച്ച്, **ട്രാൻസ്. ജെഫ്റി. ഡബ്ലിയു. ബ്രോമിലേ,** അബർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 239.

[21]"ശിഷ്യൻ" എന്ന വാക്കിന്റെ വിശദീകരണത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 1 ലെ* "ശിഷ്യത്വത്തിനു വേണ്ടിയുള്ള ഒരു ക്ഷണം" എന്ന പാഠം നോക്കുക. [22]മഹത്തായ ആജ്ഞയിൽ, വിശ്വാസത്തെ ഏറ്റുപറച്ചിലും ചേർത്തു പറഞ്ഞിട്ടില്ലെങ്കിലും, അത് അന്തർലീനമാണ്. [23]സ്നാനം വെള്ളത്തിലുള്ള അടക്കമാണ് എന്നതിനെ കുറിച്ച് *ക്രിസ്തുവിന്റെ*

*ജീവിതം,* 1 ലെ "ആസന്നം" എന്ന പാഠം നോക്കുക. [24]ഞാൻ താമസിക്കുന്ന പ്രദേശത്ത്, "ഇൻ ദ നെയിം ഓഫ് " എന്ന പ്രയോഗത്തിന്റെ അർത്ഥം "ബൈ ദ അതോറിറ്റി ഓഫ്" എന്നാണ്. ഉദാഹരണത്തിന് ഒരു പൊലീസുകാരൻ "ഓപ്പൺ അപ് ഇൻ ദ നെയിം ഓഫ് ദ ലാ" എന്നു പറയുമ്പോൾ, "ബൈ ദ അതോറിറ്റി ഓഫ്" എന്നാണ് അർത്ഥം. മത്തായി 28:19-ൽ "ഇൻ ദ നെയിം ഓഫ്" എന്ന പ്രയോഗത്തിൽ "ബൈ ദ അതോറിറ്റി ഓഫ്" എന്ന അർത്ഥവും, അതിലും കൂടുതലും അടങ്ങിയിരിക്കുന്നു. [25]ആരെയെങ്കിലും സ്നാനപ്പെടുത്തുമ്പോൾ ആ വാക്കുകൾ പറയുന്നതിനു വിലയുണ്ട് (അങ്ങനെ കൂടി വന്നവർക്ക് സംഭവിക്കുന്നതു മനസിലാക്കുവാൻ കഴിയും), എന്നാൽ അവ സ്നാനപ്പെടുത്തുമ്പോൾ ഉള്ള പ്രത്യേക ഫോർമുല എന്ന ഉദ്ദേശത്തേക്കാളുപരി അതു പിതാവിനോടും, പുത്രനോടും, പരിശുദ്ധാത്മാവിനോടും ഒരു പുതിയ ബന്ധത്തിലേർപ്പെടുന്നതാണ്. യാദൃശ്ചികമായി ഇവിടെ ദൈവികത്വത്തിലെ മൂന്നു വ്യക്തികളേയും ചേർത്തു പറഞ്ഞിരിക്കുന്നു. [26]ജോണർ ഫ്രാങ്ക്ലിൻ കാർട്ടർ, *ഏ ലേമാൻ' സ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷ്‌വിലേ: ബ്പോഡ്മാൻ പ്രസ്, 1961), 357. [27]ഉദ്ധരിച്ചത് ഫിലിപ് യാൻസി, *ദ ജീസസ് ഐ നെവെർ ന്യൂ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർനവാൻ പബ്ലിഷിങ്ങ് ഹൗസ്, 1995), 226. ഡാന്റലിയോൺ യൂറോപ്പിൽനിന്നു വന്നതാണ്. അതിന് മഞ്ഞ നിറത്തിലുള്ള പൂവും, തലയുള്ള-വിത്തുമുണ്ട്. അത് ഏതാണ്ട് വെളുത്ത പന്തു പോലെയിരിക്കും. കാറ്റ് (അല്ലെങ്കിൽ നല്ല ശ്വാസം) ഊതിയാൽ ആ "പന്തു" പോലെയുള്ളതു വേർപെട്ട് നൂറു കണക്കിന് മുടി രൂപത്തിലുള്ള വിത്തുകളായി കാറ്റിൽ പല സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു. നിങ്ങളുടെ പ്രദേശത്ത് ഡാന്റലിയോൺ ഇല്ലെങ്കിൽ, ഇതുപോലെ കാറ്റത്ത് പൂക്കളിൽ നിന്ന് പറന്ന് വ്യാപിക്കുന്ന വിത്ത് ഉദാഹരണമായി പറയാം. [28]ജെ. ഡബ്ളിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 764. [29]ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന "എയിജ്ജ് " (ഐയോൺ എന്നതിന്റെ രൂപം) "എ പീരിയേഡ് ഓഫ് ടൈം" എന്നാണ് സൂചന, അതിന് വിവിധ രീതിയിലുള്ള അർത്ഥങ്ങളുണ്ട്. മഹത്തായ ആജ്ഞയുടെ സന്ദർഭത്തിൽ, അതു ക്രിസ്തീയ കാലത്തെയാണ് പറയുന്നത്. കെജെവിയിൽ കൊടുത്തിരിക്കുന്നത്, "ലോകാവസാനം" "എന്നാണ് " അർത്ഥം അടിസ്ഥാനപരമായി ഒന്നു തന്നെയാണ്. [30]ഡി. ഡബ്ലിയു. ക്ലെവെർലേ ഫോർഡ്, *പ്രീച്ചിങ് ദ റിസൺ ക്രൈസ്റ്റ്* (പീബഡി, മാസ്.: പെന്റിക്സൺ പബ്ലിഷേഴ്സ്, 1988), 83.

[31]അവൻ പറഞ്ഞത്, ഈ സന്ദർഭത്തിൽ "പതിനോരുവരോടാണ്" (മർക്കൊസ് 16:14), അതേ സന്ദർഭത്തിലെ പതിനോരുവർ (ശിഷ്യന്മാർ), പിന്നീട് ആ അടയാളങ്ങൾ ചെയ്യുന്നുണ്ട് (മർക്കൊസ് 16:20). ചിലർ മർക്കൊസ് 16:17, 18 എടുത്ത് എല്ലാ വിശ്വാസികൾക്കുമുള്ളതാണ് എന്ന് പറയാറുണ്ട് (പക്ഷെ മരണകര-മായത് കുടിക്കുവാൻ അവർക്ക് സാധ്യമല്ല എന്ന കാര്യം സ്പഷ്ടമാണ്). മർക്കൊസ് 16:17, 18 ന്റെ ചുരുങ്ങിയ വിശദീകരണത്തിന് ഈ പഠത്തിന് ശേഷം വരുന്ന കുറിപ്പുകൾ നോക്കുക. [32]ഇതാ ചില പ്രത്യേക ഉദാഹരണങ്ങൾ: ഭൂതങ്ങളെ പുറത്താക്കുന്നതിനെ കുറിച്ച് അറിയുവാൻ പ്രവൃത്തികൾ 16:16–18; പുതുഭാഷകളിൽ സംസാരിക്കുന്നതിനെ കുറിച്ച് വിശദാംശങ്ങൾക്ക് (അവർ പഠിച്ചിട്ടില്ലാത്ത ഭാഷകൾ), പ്രവൃത്തികൾ 2:1–8 നോക്കുക; സർപ്പങ്ങളെ പിടിച്ചെടുക്കുന്നതു അറിയുവാൻ, പ്രവൃത്തികൾ 28:2–5 നോക്കുക; രോഗികളെ സൗഖ്യമാക്കുന്നതു കാണുവാൻ പ്രവൃത്തികൾ 3:1–8 നോക്കുക; ഏതെങ്കിലും അപ്പൊസ്തലൻ വിഷം കുടിച്ചതായി പറയുന്നില്ല, എന്നാൽ ചരിത്രം പരിശോധിച്ചാൽ കുറ്റവാളികൾക്ക് വിഷം കൊടുത്തു മരണ ശിക്ഷ നടപ്പാക്കുന്നത് നടന്നിട്ടുള്ളത് നമുക്ക് അറിയാം. [33]യേശുവിന്റെ സഹോദരങ്ങളിൽ ആദ്യം യാക്കൊബിനെ പറഞ്ഞതുകൊണ്ട് (മത്തായി 13:55; മർക്കൊസ് 6:3), അവൻ

മറിയയുടെ രണ്ടാമത്തെ മകനാണെന്ന് കരുതപ്പെടുന്നു. [34]“യൂദാ” എന്നതു ഒരുപക്ഷെ “യൂദാസ്” എന്നതിന്റെ ചുരുക്കപ്പേരായിരിക്കാം (മത്തായി 13:55 നോക്കുക). [35]കുറിപ്പുകൾ 1 നോക്കുക. നമ്മുടെ പഠനത്തിനായി, ഞാൻ ലൂക്കൊസ് 24:44–49 ലെ വാക്കുകൾ ലൂക്കൊസിന്റെ വിവരണമായ പ്രവൃത്തികൾ 1:3–8 ലെ വാക്കുകളുമായി യോജിപ്പിച്ചിരിക്കുന്നു. യേശുക്രിസ്തുവിന്റെ ഉയർപ്പ് പ്രത്യക്ഷതാ ലിസ്റ്റ് ശൗലിന്, അല്ലെങ്കിൽ പൗലൊസിന് ദമസ്ക്കൊസിലേക്കുള്ള വഴിയിൽവെച്ചുണ്ടായതോടുകൂടി അവസാനിപ്പിക്കുകയാണ്. ഈ പ്രത്യക്ഷത ഉയർപ്പിന് അനേകവർഷങ്ങൾക്ക് ശേഷം നടന്നതാകകൊണ്ട് നാല്പതു-ദിവസ കാലയളവിലെ പ്രത്യക്ഷതയിൽ ഉൾപ്പെടുത്തിയിട്ടില്ല. [36]ഭൂതകാലത്തിന്റെ ഉപയോഗം രസകരമാണ്. അതിനർത്ഥം “മരണത്തിന് മുൻപ് ഞാൻ നിങ്ങളോടുകൂടെ ആയിരുന്നപ്പോൾ,” എന്നാണ്. തന്റെ പുറപ്പെട്ടുപോകൽ അടുത്തിരുന്നതുകൊണ്ടാകാം യേശു ഭൂതകാലം ഉപയോഹിച്ചത്. എല്ലാ പ്രായോഗിക ഉദ്ദേശങ്ങൾക്കും അവൻ പോയി കഴിഞ്ഞിരുന്നു. [37]മറ്റു സുവിശേഷ വിവരണ എഴുത്തുകാരെപോലെ ലൂക്കൊസും യേശുവിന്റെ ജീവിതത്തിലെ അവസാനസംഭവങ്ങളെല്ലാം അടുപ്പിച്ചാണ് പറഞ്ഞിരിക്കുന്നത്. അവൻ ഉയർത്തെഴുന്നേറ്റ ദിവസം, അപ്പൊസ്തലന്മാർക്ക് പ്രത്യക്ഷനായപ്പോൾ ആണ്, ലൂക്കൊസ് 24:44–49 ലെ പ്രസംഗംനടത്തിയതെന്ന് തോന്നുന്നു. എങ്ങനെയായാലും, അടുത്ത വാക്യം, വാക്യം 50 ശ്രദ്ധിക്കുക, അതു തുടങ്ങുന്നത് “ആന്റ് ” എന്നു പറഞ്ഞുകൊണ്ടാണ് എന്നതു സൂചിപ്പിക്കുന്നതു പ്രസംഗം നടന്നത് അവന്റെ സ്വർഗാരോഹണത്തിന് തൊട്ടുമുൻപായിരുന്നു എന്നാണ്. അവിടെയാണ് നമ്മൾ അത് വെച്ചിരിക്കുന്നത്. [38]“ജീവിതത്തിലെ എല്ലാ സമർപ്പണവും വിശ്വാസം എന്നതിൽ ഉൾപ്പെടുത്തി ഉപയോഗിച്ചിരിക്കുന്നതുപോലെ, എല്ലാം-ഉൾപ്പെടുത്തിയാണ് മാനസാന്തരം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് .... ഒരു വ്യക്തി ദൈവത്തിലേക്ക് പൂർണ്ണമായി തിരിയുന്നതിനാണ് ഇവിടെ [മാ] നസാന്തരം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്.” (ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971], 1359). [39]യോഹന്നാൻ 14:17, 26; 15:26; 16:15 നോക്കുക. [40]മർക്കൊസ് 16:19 നോക്കുക.

[41]സ്വർഗാരോഹണത്തെ കുറിച്ചുള്ള ചർച്ചക്ക് ഈ പുസ്തകത്തിലുള്ള “തേജസിൽ എടുക്കപ്പെട്ടു” എന്ന പാഠം നോക്കുക. [42]മർക്കൊസ് എഴുതിയ വിവരണത്തിന്റെ സമയത്തെ കുറിച്ച് കൂടുതൽ അറിയുവാൻ *ക്രിസ്തുവിന്റെ ജീവിതം, 1 ലെ* “ദ ബുക്ക് ഓഫ് മാർക്ക്: ക്രൈസ്റ്റ് ദ സെർവന്റ്” എന്ന പാഠം നോക്കുക. “ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകം എഴുതിയ തീയതിയെ സംബന്ധിച്ച്, അതേ പുസ്തകത്തിലെ ദ ബുക്ക് ഓഫ് ലൂക്ക്, ക്രൈസ്റ്റ് ദ സൺ ഓഫ് മാൻ,” നോക്കുക. [43]അത്ഭുതങ്ങളുടെ ഒരു ഉദ്ദേശം, വചനത്തെ ഉറപ്പിക്കുന്നതിനായിരുന്നു (എബ്രായർ 2:3, 4 നോക്കുക). ഒരിക്കൽ ഉറപ്പിച്ചാൽ വീണ്ടും ഉറപ്പിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് അത്ഭുതത്തിന്റെ ആ പ്രത്യേക ആവശ്യം നിന്നു പോയി. [44]മർക്കൊസ് 16:17, 18–ൽ യേശു വാഗ്ദാനം ചെയ്ത അത്ഭുതകരമായ അടയാളങ്ങൾ നിറവേറിയതായി മർക്കൊസ് 16:20 വ്യക്തമാക്കുന്നു. നമുക്ക് ഇന്നും ഇതേ അടയാളങ്ങൾ ഉണ്ട് എന്നതിന്റെ “തെളിവല്ല” അത്. [45]ശെബാ രാജ്ഞി ശലോമോൻ രാജാവിനെ സന്ദർശിച്ചപ്പോൾ നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനത്തിലുള്ളതാണ് ആ പ്രയോഗം (1 രാജാക്കന്മാർ 10:7). [46]“മൂന്നോ മറ്റോ വർഷങ്ങൾ” എന്ന പ്രയോഗവും “ഏതാണ്ട് മുപ്പത്തി-മൂന്നു വർഷം,” എന്ന പ്രയോഗവും വിശദമായി അറിയുവാൻ, ലൂക്കൊസ് 3:23 ഉം *ക്രിസ്തുവിന്റെ ജീവിതം, 1 ലെ* “ക്രിസ്തുവിന്റെ വ്യക്തിപരമായ ശുശ്രൂഷ എത്രത്തോളം ഉണ്ടായിരുന്നു?” എന്ന പാഠവും നോക്കുക. [47]എഫ്. ലഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ ഇൻ ക്രൊണോളജിക്കൽ ഓർഡർ* (യൂജീൻ, ഒറേഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1484.

# മർക്കോസിന്റെ അവസാനിപ്പിക്കലിൽ ഉയർന്ന വിവാദം[1]

മർക്കൊസ് 16 അവസാനിപ്പിക്കുന്നതിനെ കുറിച്ച് നിങ്ങൾക്ക് അറിയാമായിരിക്കാം അല്ലെങ്കിൽ ഇല്ലായിരിക്കാം - പ്രത്യേകിച്ച്, വാക്യം 9 മുതൽ 20 വരെ. (കെജെവിയും എൻകെജെവിയും മിക്ക വേദഭാഗങ്ങളും എന്നു വിളിക്കപ്പെടുന്ന അടിസ്ഥാനത്തിൽ) വേദപുസ്തക ഭാഗമായി നിലനിർത്തിയിരിക്കുന്നു. എങ്ങനെയായാലും, മിക്ക ആധുനിക തർജിമകളും (വെസ്റ്റ്കോട്ട്-ഹോർട്ടിന്റേയും ബന്ധപ്പെട്ട പുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ) ഒരു പ്രശ്നം ഉള്ളതായിട്ടാണ് സൂചിപ്പിക്കുന്നത്. ഉദാഹരണത്തിന്, എൻഏഎസ്ബി (ട്രൂത്ത് ഫോർ ടുഡേയുടെ ഇംഗ്ലീഷ് ലക്കങ്ങളിലെല്ലാം മുഖ്യമായി ഉപയോഗിച്ചിട്ടുള്ളത്) യിൽ മർക്കൊസ് 16:9-20. "ചുരുങ്ങിയ അവസാനിപ്പിക്കലിനു ശേഷം ബ്രാക്കറ്റിലാണ് കൊടുത്തിരിക്കുന്നത്. എന്റെ കയ്യിലുള്ള എൻഏഎസ്ബിയിൽ വാക്യം 9 മുതൽ 20 വരെ മധ്യത്തിലുള്ള-കോളത്തിലാണ്": "ചില പഴയ കയ്യെഴുത്തു പ്രതികളിൽ വാക്യം 9 മുതൽ 20 വരെ ഇല്ല." ആ മധ്യ-കോളത്തിലെ കുറിപ്പിലാണ് "ചുരുങ്ങിയ അവസാനിപ്പിക്കൽ." "പിന്നീട് വന്നതായ ചില [കയ്യെഴുത്തു പ്രതികളിലും] [വെർഷനുകളിലും] ഈ ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്."

ആദ്യമായി ഞാൻ പറയേണ്ടത്, ഇത് നിങ്ങളുടെ പ്രസംഗങ്ങളിലോ ഉപദേശങ്ങളിലോ ഒരുപക്ഷെ വിചാരപ്പെടേണ്ട ഒന്നായിരിക്കയില്ല എന്നതാണ്. മർക്കൊസ് 16:9-20 ൽ അടിസ്ഥാനപരമായി ഉപദേശകാര്യങ്ങളൊന്നും പഠിപ്പിക്കുന്നില്ല കാരണം അതിന്റെ സമാനതകളൊന്നും പുതിയനിയമത്തിൽ വേറെ ഇല്ല. മർക്കൊസിന്റെ പുസ്തകം 16 ന്റെ അവസാനം എടുത്ത് ആരെങ്കിലും നിങ്ങളോട് വെല്ലുവിളിയുമായി വന്നാൽ, ആ വിഷയത്തെ ചർച്ച ചെയ്യുന്ന തർക്കമില്ലാത്ത മറ്റു വേദഭാഗങ്ങളെടുത്ത് സംസാരിക്കുക.

കൂടാതെ, വാസ്തവത്തിലുള്ള പരിശീലനത്തിൽ, ഗൗരവമായും കൃത്യമായും ഉള്ള ബൈബിൾ ചർച്ചയുടെ ഭാഗമായി വരുന്നതല്ല മർക്കൊസ് 16:9-20. എന്റെ അമ്പതിലധികം വർഷത്തെ പ്രസംഗാനുഭവത്തിൽ ഇതുവരെ മർക്കൊസ് 16:9-20 പ്രതിരോധിക്കേണ്ടതായി വന്നിട്ടില്ല. വിശ്വാസത്താൽ മാത്രം രക്ഷ കിട്ടുമെന്നു വിശ്വസിക്കുന്നവരുമായോ അല്ലെങ്കിൽ ഇന്ന് അത്ഭുതങ്ങളുണ്ടെന്ന് വിശ്വസിക്കുന്നവരുമായി സംസാരിക്കുമ്പോൾ, ആ വാക്യങ്ങൾ ചർച്ചയുടെ ഭാഗമായി വരാറുണ്ട്. ഈ വിശ്വാസക്കാരിൽ നിന്നോ മറ്റാരിൽനിന്നെങ്കിലുമോ ഇന്നു വരെ, ആരും മർക്കൊസ് 16:9-20 ദൈവശ്വാസിയ തിരുവെഴുത്തല്ല എന്നു പറയുന്നതു ഞാൻ കേട്ടിട്ടില്ല.

എന്നിരുന്നാലും, നിങ്ങളുടെ ശുശ്രൂഷക്കിടയിൽ ആ ചോദ്യം *വന്നേക്കാം,* അതുകൊണ്ട് ചില പരാമർശങ്ങൾ ഉചിതമായിരിക്കും.[2] പുരാതന കയ്യെഴുത്തു പ്രതികളുടേയും വെർഷനുകളുടേയും തെളിവുകൾക്ക് നാം മറ്റെവിടെയെങ്കിലും നോക്കണം, തല്ക്കാലം താഴെ കൊടുത്തിരിക്കുന്ന കുറിപ്പുകൾ മതിയാകും. ലളിതമാക്കുന്ന പ്രക്രിയ എടുത്ത്, മർക്കൊസ് അവസാനിപ്പിക്കുന്നതിനെ കുറിച്ചുള്ള എന്റെ ചർച്ച നാല് സാധ്യതകളിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.

*സാധ്യത #1: മർക്കൊസ് തന്റെ ദൈവശ്വാസിയ വിവരണം വാക്യം 8-ൽ അവസാനിപ്പിക്കുന്നു.* ഇത് അസാധ്യമെന്ന് തോന്നുന്നു. അദ്ധ്യായം 16 വായിച്ച്, നിങ്ങളെ ആദ്യം വായിക്കുന്ന സ്ഥാനത്ത് കൊണ്ടുവരികയും, വാക്യ 8 -ൽ നിർത്തുകയും ചെയ്യുക. ആ രേഖ അപൂർണ്ണമായി തോന്നുന്നില്ലേ? എന്തോ ചിലതുകൂടെ ചേർക്കേണ്ടതായിട്ടുണ്ട് എന്നു തോന്നുന്നില്ലേ? ഈ വിഷയത്തെ കുറിച്ചുള്ള ഒരു ലേഖനത്തിൽ തോമസ് ബൂമർഷൈൻ പറഞ്ഞതു മർക്കൊസ് ഉപയോഗിച്ചിരിക്കുന്നത് "മുന്നറിയിപ്പും നിറവേറലും" എന്ന രീതിയാണ്, അതുകൊണ്ട്, ചുരുങ്ങിയത്, വാക്യം 8-ൽ നിർത്തിയാൽ, "[മർക്കൊസിന്റെ പുസ്തകം] വായിക്കുന്ന ആൾ നിരുൽസാഹപ്പെടും."[3]

*സാധ്യത #2: ഒന്നോ രണ്ടോ ആരംഭ കയ്യെഴുത്തു പ്രതികളിൽനിന്ന് ലഭിച്ചത് ആരംഭത്തിൽ അവസാനിപ്പിച്ചതു നഷ്ടമായി.*[4] ആ അവസാനം എന്തായിരിക്കണമെന്ന് നമുക്ക് ഒരു പിടിയുമില്ല. മുൻ പ്രസ്താവനയുടെ ആദ്യഭാഗത്തിന് വളരെ അകന്ന സാധ്യതയാണുള്ളത്. മർക്കൊസിന്റെ പുസ്തകത്തിന്റെ അവസാന പേജ് ചുരുളുകളായിട്ടുള്ളതോ അല്ലെങ്കിൽ കോഡെക്സ് (പുസ്തക രൂപത്തിലുള്ളത്) കീറി പോകുവാനോ നഷ്ടപ്പെടുവാനോ സാധ്യതയുണ്ട്. (ഏതാനും പേജുകൾ നഷ്ടമായ പല പുസ്തകങ്ങൾ എന്റെ ലൈബ്രറിയിലുണ്ട്.) എന്തുകൊണ്ട് രണ്ട് "പൂർണ്ണമായ" പുരാതന കയ്യെഴുത്തു പ്രതികളിൽ (നാലാം നൂറ്റാണ്ടിലേത്) അവസാന പേജ് നഷ്ടമായി എന്നതിനുള്ള യുക്തിപരമായ വിശദീകരണം ഇതാണ്. എങ്ങനെയായാലും, അവസാനഭാഗം നഷ്ടപ്പെട്ടു എന്നതു നമ്മിൽ ചിലർക്ക് അംഗീകരിപ്പാൻ പ്രയാസമാണ്. ദൈവത്തിന് തന്റെ ശ്വാസിയ വചനം നശിക്കാതെ സംരക്ഷിപ്പാൻ കഴിയും എന്നാണ് ഞാൻ വിശ്വസിക്കുന്നത് (1 പത്രൊസ് 1:23-25).

*സാധ്യത #3:* മർക്കൊസിന്റെ "ചുരുക്കമായ അവസാനിപ്പിക്കൽ" എന്ന്-വിളിക്കുന്ന ഭാഗം ആത്മ-ശ്വാസിയ അവസാനിപ്പിക്കലൊണ്. ഈ അവസാനിപ്പിക്കൽ നിങ്ങളുടെ ബൈബിളിൽ ഇല്ലെങ്കിൽ, എന്റെ കൈവശമുള്ള എൻ ഏഎസ്ബിയിലേത് ഇതാ നിങ്ങൾ വായിക്കുക:

> അവർ, സ്ത്രീകൾ ഉടനെ ആ നിർദ്ദേശങ്ങൾ പത്രൊസിനോടും കൂട്ടരോടും അറിയിക്കയും, അതിനുശേഷം, യേശു തന്നെ അവരെ കിഴക്കു നിന്നു പടിഞ്ഞാറോട്ട് നിത്യരക്ഷാ സന്ദേശം അറിയിക്കുവാനായി അയച്ചു.

പിന്നീട് ഇറങ്ങിയ ചില കയ്യെഴുത്തുപ്രതികളിലും, വെർഷനുകളിലും അതുണ്ട്, എന്നാൽ ജാക്ക് ലൂയിസ് പറഞ്ഞു, "ചുരുക്കമായ അവസാനിപ്പിക്കലിനെ കുറിച്ച്, മർക്കൊസ് എഴുതി എന്ന് പോലും പണ്ഡിതന്മാർ സമ്മതിക്കുന്നില്ല"[5] "അതിലെ ശൈലിയും വാക്കുകളുടെ പ്രയോഗവും കണ്ടാൽ ഒരു പരിശീലനം ലഭിക്കാത്ത വായനക്കാരനും അത് ഒറിജിനൽ മർക്കൊസിന്റേതല്ലെന്ന് മനസിലാകും" എന്നാണ് സി. മിലോ കോണിക്ക് പറഞ്ഞത്.[6] കയ്യെഴുത്തുപ്രതികളിലൊന്ന് പകർത്തിയെഴുതിയ ഏതൊ ശാസ്ത്രി വാക്യം 8ൽ അവസാനിപ്പിച്ചതിൽ തൃപ്തി വരാതെ "ചേർത്തതാണെന്ന്" അവസാനിപ്പിക്കൽ എല്ലാം പരിശോധിച്ചാൽ വ്യക്തമാകും.

*സാധ്യത #4:* മർക്കൊസ് 16:9-20 *ആദ്യത്തെ മർക്കൊസിന്റെ അവസാനിപ്പിക്കലിലുണ്ട്.* അങ്ങനെ അത് ആത്മ - ശ്വാസിയമായതുകൊണ്ട് "ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസ

ത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമൊഥെയൊസ് 3:16). ക്രിസ്തുവിന്റെ ജീവിതം എന്ന പഠനത്തിന്റെ അവസാന പാഠങ്ങളിലും പ്രസംഗങ്ങളിലും വാക്യങ്ങൾ ഉൾപ്പെടുത്തി, എനിക്ക് ഇഷ്ടമുള്ള സാധ്യത ഞാൻ പറഞ്ഞു കഴിഞ്ഞു.

ഇക്കാര്യത്തെ നിങ്ങൾ തന്നെ വിലയിരുത്തുക. മുൻപ് സൂചിപ്പിച്ചതുപോലെ, മർക്കൊസ് 16:9–20 ൽ പുതിയനിയമത്തിൽ മറ്റുഭാഗത്തുള്ള ഉപദേശകാര്യങ്ങളൊന്നും ഇതിൽ ഇല്ലാത്തതുകൊണ്ട്, ഞാൻ എടുത്തിരിക്കുന്ന നിലപാട് തന്നെ നിങ്ങളും എടുക്കണമെന്നില്ല. ഇതിനെ യാഥാസ്ഥിതികരായ പല പണ്ഡിതന്മാരും പറയാത്ത മർമ്മമായി വിട്ടിരിക്കയാണ്.[7]

പരിഗണിക്കുവാൻ ചില ചിന്തകൾ ഇതാ: "നീണ്ട അവസാനിപ്പിക്കൽ" എന്ന് - അറിയപ്പെടുന്നത്, പഴഞ്ചനാണെന്ന് പണ്ഡിതന്മാർ സമ്മതിക്കും (മർക്കൊസ് 16:9–20). ജോൺ എഫ്.കാർട്ടർ എഴുതി,

> ആ വേദഭാഗത്തിൽ, അല്പം വ്യത്യാസങ്ങൾ ഉണ്ടെങ്കിലും, [അതില്ലാത്ത] രണ്ടെണ്ണത്തോളം പഴക്കമുള്ള പല കയ്യെഴുത്തുപ്രതികളിലും, ഗ്രീക്ക് സംസാരിക്കാത്തവർക്കുവേണ്ടി തർജിമ ചെയ്ത പഴയ തർജിമകളിലും ആ വ്യത്യാസങ്ങൾ കാണാം. അതിലെ ഒരു ഭാഗം ക്രിസ്തീയ എഴുത്തുകാരനായിരുന്ന ഐറേനിയസ് ഏതാണ്ട് 130 നും - 200 നും ഇടക്ക് ജീവിച്ചിരുന്നു, അയാൾ മർക്കൊസിനോട് പറഞ്ഞത് ഉദ്ധരിച്ചതും ഒരുപക്ഷെ മുകളിൽ പറഞ്ഞ പുതിയനിയമകോപ്പിൽ ലഭിക്കുന്നതിന് 150 വർഷങ്ങൾക്ക് മുമ്പുള്ളതാകാം.[8]

"പഴയ തർജിമകളെ" കുറിച്ച് ആർ. സി. ഫോസ്റ്റർ എഴുതി,

> വെർഷനുകളിലെ [മറ്റു ഭാഷകളിലേക്ക് തർജിമ ചെയ്തിട്ടുള്ളവ] തെളിവുകൾ പ്രായോഗികമായി ഐകണ്ഠേന ആ വേദഭാഗത്തോട് അനുകൂലിക്കുന്നത് സുപ്രധാനമാണ് ... . ആ വെർഷനുകൾ ഇപ്പോൾ നമുക്ക് ലഭ്യമായ, പല കയ്യെഴുത്തുപ്രതികളേക്കാളും [,] വളരെ നേരത്തെ എഴുതിയവയാണ്. [9]

"ദീർഘമായ അവസാനിപ്പിക്കലിന്"[10] എതിരായി ധാരാളം എതിർപ്പുകൾ ഉയർന്നേക്കാം. പക്ഷെ അവ ഒന്നും തീർപ്പാക്കാവുന്നതല്ല. ഉദാഹരണത്തിന്, ഒരെതിർപ്പ് പറയുന്നത് പുസ്തകത്തിൽ മറ്റൊരു ഭാഗത്തുമില്ലാത്ത പതിനേഴു വാക്കുകൾ മർക്കൊസ് 16:9–20 ൽ ഉണ്ട് എന്നതാണ്. ഈ എതിർപ്പിനെ കുറിച്ച് ഫോസ്റ്റർ എഴുതി,

> മർക്കൊസിന്റെ തുടർന്നുള്ള പന്ത്രണ്ട് വാക്യങ്ങൾ ബ്രോഡസ് എടുത്തു, അത് ഒരിക്കലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ല, മർക്കൊസിന്റെ പുസ്തകത്തിൽ മറ്റൊരുഭാഗത്തുമില്ലാത്ത ആ പതിനേഴു വാക്യങ്ങളും അദ്ദേഹം കാണുകയുണ്ടായി. മെക്ഗാർവേ ലൂക്കൊസിന്റെ പുസ്തകത്തിലെ ചോദ്യം ചെയ്യപ്പെടാത്ത അവസാന പന്ത്രണ്ടു വാക്യങ്ങൾ എടുത്തു, ഒമ്പതു പുതിയ വാക്കുകളും കണ്ടു.[11]

കാർട്ടറിൽ നിന്നും ഒരു ഉദ്ധരണി നല്കിക്കൊണ്ട് നമ്മുടെ ഈ പാഠം ഞാൻ അവസാനിപ്പിക്കട്ടെ:

> എല്ലാ [ബു]ദ്ധിമുട്ടുകളും ഞാൻ തിരിച്ചറിയുന്നു ..., എന്നാൽ പരിശുദ്ധാത്മാവ് ശ്വാസിയമായി, പുതിയനിയമത്തിന്റെ ആദ്യ ഉപയോഗം മുതൽ ഉണ്ടായിരുന്നതുകൊണ്ട്, ക്രിസ്തീയ ബൈബിളിൽ ഇതുൾപ്പെടുത്തുവാൻ അനുവദിച്ചു. അതു ദൈവശ്വാസിയവും ആധികാരികവുമായി സ്വീകരിക്കേണ്ടതാണെന്ന് എനിക്ക് തോന്നുന്നു അതു ആദ്യ [അവസാനിപ്പിക്കലിലുണ്ടായിരുന്നാലും] പിന്നീട് മർക്കൊസ് തന്നെ തന്റെ ജീവിതത്തിൽ അപ്പൊസ്തലിക കാലഘട്ടത്തിൽ കുട്ടിച്ചേർത്തതായാലും ... തീർച്ചയായും ആത്മാവ് ആ കൂട്ടിച്ചേർത്തതിനേയും ശ്വാസീയമാക്കിയിരിക്കും. അത് അങ്ങനെയാണെങ്കിൽ, അതും, ശേഷമുള്ളവയെപോലെ തന്നെ ദൈവശ്വാസിയം തന്നെ.[12]

---

കുറിപ്പുകൾ

[1]ഈ ലേഖനം പ്രസംഗിക്കുകയും ഉപദേശിക്കയും ചെയ്യുന്നവരുടെ പ്രയോജനത്തിനാണ്. മറ്റു ചോദ്യങ്ങൾ ഉയരുന്നില്ലെങ്കിൽ ഈ വിവരണത്തിനു മറ്റൊരു കാരണവും ഞാൻ കാണുന്നില്ല. [2]ഈ വിവരങ്ങൾ ശരാശരി ബൈബിൾ ക്ലാസിൽ പഠിപ്പിക്കുവാനുള്ളതല്ല. ചോദ്യം വരുമ്പോൾ ഉപദേഷ്ടാവിന് ഒരുങ്ങുവാൻ വേണ്ടിയുള്ളതാണ്. [3]തോമസ് ഈ. ബൂമർഷൈൻ, "മർക്കൊസ് 16:8 ഉം അപ്പൊസ്തലിക ആജ്ഞയും," ജേണൽ ഓഫ് ബിബിളിക്കൽ ലിറ്ററേച്ചർ 100 (ജൂൺ 1981): 225–39. ക്വോട്ടഡ് ഇൻ ജാക്ക്. പി. ലൂയിസ്, "ദ എന്റിങ്ങ് ഓഫ് മാർക്ക്," *ഹാർഡിങ്ങ് യൂണിവേഴ്സിറ്റി ലെക്ച്ചേഴ്സ്* (1988), 600. [4]ആദ്യ കയ്യെഴുത്തുപ്രതികൾ നമുക്ക് വേണ്ടി പരിരക്ഷിക്കേണ്ടതായി പരിശുദ്ധാത്മാവിന് തോന്നിയില്ല (ദ "ആട്ടോഗ്രാഫ്" കോപ്പികൾ). [5]ലൂയിസ്, 598. [6]സി. മിലോകോണിക്, *ജീസസ്: ദ മാൻ, മിഷൻ, ആന്റ് ദ മെസേജ്,* 2 ഡ് എചി. (ഏഞ്ച്ലേവുഡ് ക്ലിഫ്സ്. എൻ. ജെ.: പ്രെന്റിസ് – ഹാൾ, 1974), 405. [7]ഇത് 1988–ൽ ജാക്ക് പി. ലൂയിസ് ഹാർഡിങ്ങ് യൂണിവെഴ്സിറ്റിയിൽ നടത്തിയ ലെക്ച്ചർഷിപ്പിൽനിന്നാണ് (ലൂയിസ്, 597 –603). [8]ജോൺ ഫ്രാങ്ക്ലിൻ കാർട്ടർ, *ഏ ലേമാൻ'സ് ഹാർമണി ഓഫ് ദ ഗോസ്പെൽസ്* (നാഷിലേ: ബ്രോഡ്മാൻ പ്രസ്, 1961), 347. [9]ആർ. സി. ഫോസ്റ്റർ, *സ്റ്റഡീസ് ഇൻ ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 1358. [10]പൂർണ്ണമായ പഴയ രണ്ടു കയ്യെഴുത്തുപ്രതികളിൽ അതു കാണുന്നില്ല എന്നതിനുപുറമെ, ആരംഭത്തിലെ പ്രമുഖരായ പല ക്രിസ്തീയ എഴുത്തുകാർക്കും അത് അജ്ഞാതമായിരുന്നു. എങ്കിൽ, ഞാൻ സംശയിക്കുന്നതുപോലെ, ഏറ്റവും നേരത്തെ ഇറക്കിയ ഒന്നോ അതിലധികമോ കയ്യെഴുത്തു പ്രതികളിൽ ആ അവസാനിപ്പിക്കൽ നഷ്ടപ്പെട്ടിരിക്കാം, അതുകൊണ്ടാകാം ആദ്യ എഴുത്തുകാരിൽ ചിലർ അതു അറിയാതിരുന്നത്.

[11]ഫോസ്റ്റർ, 1358. [12]കാർട്ടർ, 347. മറ്റുള്ളവർക്ക് അറിയാത്തതും എന്നാൽ ദൈവശ്വാസിയമായി കൂട്ടിച്ചേർത്തതുമായ പഴയനിയമ ഉദാഹരണത്തിന്, ആവർത്തനപുസ്തകം അവസാനിപ്പിക്കുന്നതു നോക്കുക, അവിടെ ആരംഭത്തിൽ പുസ്തകം എഴുതിയ മോശെയുടെ മരണത്തെ കുറിച്ച് പറയുന്നു (പ്രത്യേകിച്ച് 34:5, 6 നോക്കുക). മോശെക്ക് ശ്വാസിയമായി തന്റെ മരണത്തെ കുറിച്ച് എഴുതുവാൻ കഴിയുമായിരുന്നു, പക്ഷെ അവസാന വരികൾ മറ്റൊരു എഴുത്തുകാരനായിരിക്കാം എഴുതിയത് (യോശുവ ആകാം).